بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

ലക്കം 47

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 നവംബർ 21/ഹി:ശം:1398 നുബുവ്വത്ത് 21/ഹി:ഖ: 1441 റബീഉൽ അവ്വൽ 23

## അല്ലാഹുവിന്റെ വചനം

سَنُلۡقِیۡ فِیۡ قُلُوۡبِ الَّذِیۡنَ کَفَرُوا الرُّعۡبَ بِمَاۤ اَشۡرَکُوۡا بِاللّٰہِ مَا لَمۡ یُنَزِّلۡ بِہٖ سُلۡطٰنًا ۚ وَمَاۡوٰىہُمُ النَّارُ ؕ وَبِئۡسَ مَثۡوَی الظّٰلِمِیۡنَ ○ (آل عمران:152)

‘അല്ലാഹു ഏതൊന്നിനെ സംബന്ധിച്ച് ഒരു തെളിവും ഇറക്കിയിട്ടില്ലയോ അതിനെ അല്ലാഹുവിന് അവർ പങ്കാളികളാക്കിവച്ച കാരണത്താൽ അവിശ്വാസികളുടെ ഹൃദയങ്ങളിൽ നാം ഭയം ഇട്ടുകൊടുക്കും, അവരുടെ സങ്കേതം നരകമാണ്; അക്രമികളുടെ വാസസ്ഥാനം എത്രയും ദുഷിച്ചതുതന്നെ.’(3:152)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**തഖ്‌വയുടെ പദവികളും നിലകളും അനവധിയാണ്. പക്ഷേ, സത്യാന്വേഷിയായിക്കൊണ്ട് പ്രാരംഭപരമായ നിലകളേയും ഘട്ടങ്ങളേയും സ്ഥിരചിത്തതയോടും ആത്മാർഥതയോടുംകൂടി താണ്ടിയാൽ അവൻ ഈ സത്യസന്ധതയും സത്യാന്വേഷണവും കാരണത്താൽ ഉന്നതമായ പദവികൾ പ്രാപിക്കുന്നതാണ്. അല്ലാഹു പറയുന്നു: اِنَّمَا يَتَقَبَّلُ اللّٰهُ مِنَ الْمُتَّقِيْنَ. അതായത് അല്ലാഹു മുത്തഖികളുടെ ദുആകളെ സ്വീകരിക്കുന്നു. ഇത് അവന്റെ വാഗ്ദാനമാണ്. അവൻ വാഗ്ദാനം ലംഘിക്കുകയില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദുആ സ്വീകാര്യതയുടെ നിബന്ധനകൾ

ഇക്കാര്യവും ഹൃദയസാന്നിധ്യത്തോടെ കേൾക്കുക. ദുആ സ്വീകരിക്കപ്പെടുന്നതിനും ചില നിബന്ധനകളുണ്ട്. അവയിൽ ചിലത് ദുആ ചെയ്യുന്നയാളെ സംബന്ധിച്ചുള്ളതാണ്. ചിലത് ദുആ ചെയ്യിക്കുന്നയാളെ സംബന്ധിച്ചുള്ളതാണ്. ദുആ ചെയ്യിക്കുന്നയാളെ സംബന്ധിച്ച് നിർബന്ധമായിട്ടുള്ളത് അയാൾ അല്ലാഹുവിനോടുള്ള ഭയത്തേയും ഭക്തിയേയും മുന്നിൽവെക്കുക എന്നതാണ്. അവന്റെ സ്വാശ്രയസത്തയെ എപ്പോഴും ഭയപ്പെട്ടുകൊണ്ടിരിക്കുകയും അനുരഞ്ജനവും ദൈവാരാധനയും സ്വശീലങ്ങളാക്കുകയും ചെയ്യുക. ഭയഭക്തിയും സത്യസന്ധതയും കൊണ്ട് അല്ലാഹുവിനെ സന്തോഷിപ്പിക്കുക. അത്തരം അവസ്ഥയിൽ ദുആയുടെ സ്വീകാരത്തിന്റെ കവാടം തുറക്കപ്പെടുന്നു. അവൻ അല്ലാഹുവിനെ വെറുപ്പിക്കുകയും അവനുമായി ബന്ധം വിച്ഛേദിക്കുകയും യുദ്ധം തുടങ്ങുകയുമാണ് ചെയ്യുന്നതെങ്കിൽ അയാളുടെ ദ്രോഹങ്ങളും തെറ്റായ പ്രവൃത്തികളും ദുആയുടെ വഴിയിൽ ഒരു തടസവും പാറയുമായിത്തീരുന്നതാണ്. ദുആ സ്വീകാരത്തിന്റെ കവാടം അവന് അടയ്ക്കപ്പെടുകയും ചെയ്യും.

### നമ്മുടെ ദുആകൾ നഷ്ടപ്പെടുന്നതിൽനിന്ന് രക്ഷിക്കുക

അതിനാൽ നമ്മുടെ സുഹൃത്തുക്കൾക്ക് നിർബന്ധമായിട്ടുള്ളത് അവർക്കുവേണ്ടി നാം ചെയ്തിട്ടുള്ള ദുആകൾ നഷ്ടപ്പെട്ടുപോകുന്നതിൽനിന്ന് രക്ഷിക്കുക എന്നതാണ്. അവയ്ക്കിടയിൽ അവരുടെ അനുചിതമായ സ്വന്തം പ്രവർത്തനങ്ങൾ കൊണ്ടുണ്ടാകുന്ന ഒരു തടസ്സവുമുണ്ടാകരുത്. അവർ തഖ്‌വയുടെ മാർഗം സ്വീകരിക്കേണ്ടതാണ്. കാരണം ശരീഅത്തിന്റെ (ന്യായപ്രമാണത്തിന്റെ) സംഗ്രഹം എന്നുപറയാവുന്നത് ‘തഖ്‌വ’ തന്നെയാണ്. ശരീഅത്തിനെ ഹ്രസ്വമായ നിലയിൽ വിവരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ശരീഅത്തിന്റെ ‘കാമ്പ്’ എന്നത് തഖ്‌വ മാത്രമേ ആകുകയുള്ളൂ. തഖ്‌വയുടെ പദവികളും നിലകളും അനവധിയാണ്. പക്ഷേ, സത്യാന്വേഷിയായിക്കൊണ്ട് പ്രാരംഭപരമായ നിലകളേയും ഘട്ടങ്ങളേയും സ്ഥിരചിത്തതയോടും ആത്മാർഥതയോടുംകൂടി താണ്ടിയാൽ അവൻ ഈ സത്യസന്ധതയും സത്യാന്വേഷണവും കാരണത്താൽ ഉന്നതമായ പദവികൾ പ്രാപിക്കുന്നതാണ്. അല്ലാഹു പറയുന്നു: *ഇന്നമാ യത്തഖബ്ബലുല്ലാഹു മിനൽ മുത്തഖീൻ.* അതായത് അല്ലാഹു മുത്തഖികളുടെ ദുആകളെ സ്വീകരിക്കുന്നു. ഇത് അവന്റെ വാഗ്ദാനമാണ്. അവൻ വാഗ്ദാനം ലംഘിക്കുകയില്ല. *ഇന്നല്ലാഹ ലാ യുഖ്‌ലിഫുൽ മീആദ്* എന്ന് അവൻ പറഞ്ഞതുപോലെ. തഖ്‌വയുടെ നിബന്ധന ദുആ സ്വീകാരത്തിന് ഒരു അസാധാരണമായ നിബന്ധനയാകുമ്പോൾ, ഒരു അശ്രദ്ധനായ മനുഷ്യൻ വഴിതെറ്റിക്കൊണ്ട് ദുആ സ്വീകരിക്കണമെന്നാഗ്രഹിച്ചാൽ അവൻ അജ്ഞനും വിഡ്ഢിയുമല്ലേ. അതുകൊണ്ട് നമ്മുടെ ജമാഅത്ത്, കഴിയുന്നിടത്തോളം അവരിലോരോരുത്തരും തഖ്‌വയുടെ വഴിയിൽ പദമൂന്നേണ്ടത് നിർബന്ധമാണ്; ദുആ സ്വീകാരത്തിന്റെ സന്തോഷവും രുചിയും കരസ്ഥമാക്കാനും കൂടുതലായി ഈമാനിന്റെ ഭാഗഭാക്കാകാനും.

### മനുഷ്യാത്മാവിന്റെ മൂന്ന് അവസ്ഥ

വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാകുന്നത് മനുഷ്യാത്മാവിന് മൂന്നു അവസ്ഥ ഉണ്ടെന്നാണ്. ഒന്ന് അമ്മാറ, രണ്ട് ലവ്വാമ, മൂന്ന് മുത്മഇന്ന. അമ്മാറത്തിന്റെ ആത്മാവിന്റെ അവസ്ഥയിൽ മനുഷ്യൻ ശയ്ത്വാന്റെ കൈയിൽ അകപ്പെട്ടിരിക്കും. അവനിലേക്ക് ധാരാളമായി കുനിയുന്നു. പക്ഷേ, ലവ്വാമ ആത്മാവിന്റെ അവസ്ഥയിൽ അവൻ താൻ ചെയ്ത കുറ്റകൃത്യങ്ങളിൽ ലജ്ജിക്കുന്നു. ലജ്ജിതനായി അല്ലാഹുവിലേക്ക് കുനിയുന്നു. പക്ഷേ, ഈ അവസ്ഥയിലും പോരാട്ടം നടന്നുകൊണ്ടിരിക്കുന്നു; ചിലപ്പോൾ ശയ്ത്വാനിലേക്കും ചിലപ്പോൾ റഹ്മാനിലേക്കും കുനിയുന്നു. എന്നാൽ, മുത്മഇന്നയുടെ അവസ്ഥയിൽ അവൻ ഇബാദുർറഹ്മാനിന്റെ സംഘത്തിൽ പ്രവേശിക്കുന്നു. ഇത് ഉയർച്ചാപരമായ പോയന്റാണ്. ഇതിന്നെതിരിൽ താഴേക്കുള്ളത് അമ്മാറ (ദോഷപ്രവണമായ) ആത്മാവാണ്. ഈ ത്രാസിന്റെ തട്ടുകൾക്കിടയിലാണ് ലവ്വാമയുള്ളത്. അത് ത്രാസിന്റെ നാക്കുപോലെയാണ്. അധഃപതനപരമായ പോയിന്റിലേക്ക് കൂടുതൽ കുനിയുന്നുവെങ്കിൽ മൃഗങ്ങളെക്കാൾ മോശവും നിന്ദ്യവുമായിത്തീരുന്നു. ഉയർച്ചാപരമായ പോയിന്റിലേക്ക് എത്രമാത്രം മടങ്ങുന്നുവോ അത്രമാത്രം അല്ലാഹുവിലേക്ക് അടുത്തുകൊണ്ടേ പോകുന്നു. താഴെയുള്ളതും ഭൗമികവുമായ അവസ്ഥകളിൽനിന്ന് പുറത്തുവന്ന് ഉയർന്നതും ആകാശീയവുമായ കൃപാതിരേകത്തിൽനിന്ന് പങ്കു പറ്റുന്നു.

**(മൽഫൂദാത്ത്, വാല്യം1, പേജ് 92-93, 2018 ഖാദിയാൻ)**

# ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ചുള്ള അടിയന്തര വിളംബരം

2019 ഡിസംബറിൽ നടക്കാൻ പോകുന്ന ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ച് ബദ്ർ പത്രത്തിൽ ‘ഇത് 125-ാമത് ജൽസ’യാണെന്ന് വിളംബരം വന്നുകൊണ്ടിരുന്നു. ഈ ചരിത്രപരമായ ജൽസ പരിഗണിച്ച് ഹുദൂർ അയ്യദഹുല്ലാഹ് ചില പ്രത്യേക പരിപാടികൾക്ക് സമ്മതവും തന്നിരുന്നു. ഇതിന്റെ വിവരം സർക്കുലർ മുഖേന ജമാഅത്തുകളെ അറിയിക്കുകയും ചെയ്തിരുന്നു. ഇതിന്നിടയിൽ ‘ഖാദിയാൻ അഹ്മദിയ്യ ചരിത്രവിഭാഗ’ത്തിന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ‘2019-ൽ നടക്കാൻ പോകുന്ന ജൽസ 125-ാമത് ജൽസ അല്ല, 126-ാമത് ജൽസയാണെന്ന് വിവരം ഹുദൂറിനെ അറിയിക്കുകയുണ്ടായി. ഹുദൂർ അയ്യദഹുല്ലാഹ് അതിന് സമ്മതം നല്കുകയും പ്രോഗ്രാം തുടർന്നുകൊണ്ടുപോകാൻ നിർദേശിക്കുകയും ചെയ്തിരിക്കുന്നു. ബദ്ർ വായനക്കാർ ഇക്കാര്യം ശ്രദ്ധിക്കുക **(ഖാഇം മഖാം നാളിർ ഇസ്‌ലാഹ് വ ഇർശാദ്, മർക്കസിയ്യ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# വിശുദ്ധഖുർആൻ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**
**(വാഗ്ദത്ത മഹ്ദീ മസീഹ്)**

(റിവ്യൂ ഓഫ് റിലീജ്യൺസ് എന്ന ഇംഗ്ലീഷ് മാസികയുടെ 2019 ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പരിഭാഷ. വിവർത്തകൻ: കെ.വി. ഹസ്സൻകോയ കോഴിക്കോട്)

**(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)**

അതിന്റെ യഥാർഥ കാരണം ദൈവികാനുഗ്രഹമാണ്. മറ്റാരെക്കാളും ഈ ദൈവികാനുഗ്രഹത്തിന്റെ അവകാശികൾ സർവ്വശക്തനായ അല്ലാഹു എല്ലാ നല്ല ഗുണങ്ങളും അവന്റെ അവസാനമില്ലാത്ത അനുഗ്രഹം മുഖേന അവർക്ക് നൽകുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ സർവ്വശക്തനായ ദൈവത്തെ കൂടാതെ ആരും നല്ലവരല്ല. എല്ലാ ഉന്നതമായ ധാർമികഗുണങ്ങളും നന്മകളും അവരിൽ കേന്ദ്രീകരിച്ചിരിക്കുന്നു. തന്റെ ഇച്ഛകളെ എത്രത്തോളം ഉപേക്ഷിക്കുന്നുവോ ആ വ്യക്തി സർവ്വ നന്മകളുടെ ഉറവിടമായ ആ സത്തയുടെ സാമീപ്യം നേടുന്നു. അത്ര അളവിൽ ദൈവികഗുണങ്ങൾ അയാളുടെ ആത്മാവിൽ പ്രതിഫലിക്കുന്നു. അപ്രകാരം എല്ലാ നല്ല ഗുണങ്ങളും യഥാർഥ സംസ്കാരവും ഒരു വ്യക്തി സ്വായത്തമാക്കുന്നത് ദൈവ സാമീപ്യം മുഖേനയാണ്. അതായത് സൃഷ്ടികൾ സ്വയം ഒന്നുമല്ലതന്നെ. അപ്രകാരം ദൈവികമായ ധാർമികഗുണങ്ങൾ പ്രതിഫലിക്കുന്നത്, പ്രകടമാകുന്നത്, വിശുദ്ധഖുർആനിനെ സമഗ്രമായി അനുധാവനം ചെയ്യുന്നവരിലാണ്. പരിശുദ്ധമായ പെരുമാറ്റം ആത്മീയമായ ഉൽക്കണ്ഠ, സ്നേഹത്തിന്റെ ഇരച്ചുകയറ്റം എന്നിവ മുഖേനയാണ് ഉന്നതമായ ധാർമികഗുണങ്ങൾ പ്രകടമാകുന്നത്. അവയ്ക്ക് ലോകത്ത് മറ്റൊരിടത്തും സമാനതകളില്ല.

ഓരോ ആൾക്കും അവകാശമുന്നയിക്കാം. സ്വയം വീമ്പിളക്കുകയും ചെയ്യാം, എന്നാൽ, ഈ ആളുകൾ മാത്രമാണ് അനുഭവത്തിന്റെ ഇടുങ്ങിയ വാതിലിലൂടെ സുരക്ഷിതമായി കടന്നുപോകുന്നത്.

മറ്റുള്ളവർ പ്രകടമാക്കുന്ന സദ്ഗുണങ്ങൾ തങ്ങളും ന്യൂനതകൾ മറച്ചുവെച്ചും അവരുടെ രോഗങ്ങൾ കാരണമായും കൃത്രിമമായി കാണിക്കുന്നതാണ്. അവർ വ്യാജമായ സംസ്കാരമാണ് കാണിക്കുന്നത്. അവരുടെ യാഥാർഥ്യം ഒരു ചെറിയ പരീക്ഷണത്തിന്റെ ഘട്ടത്തിൽ വെളിപ്പെടുന്നതാണ്. കൃത്രിമത്വമാണ് അവർ ഇറക്കുമതി ചെയ്യുന്നത്. ധാർമികഗുണങ്ങളുടെ വ്യായാമത്തിൽ അവർ വിശ്വസിക്കുകയാണ്. അതവരുടെ ജീവിതവഴിയിൽ എല്ലാ അവസരങ്ങളിലും അവർ തങ്ങളുടെ ആന്തരിക ന്യൂനതകൾ പിന്തുടരുകയാണെങ്കിൽ അവരുടെ ജീവിതരീതി തകിടം മറിയും. അവരും പ്രകൃതിപരമായ കഴിവനുസരിച്ച് സദ്ഗുണങ്ങളുടെ വിത്ത് വഹിക്കുകയാണെങ്കിൽ ഞാനെന്ന ഭാവത്തിന്റെ ആഗ്രഹങ്ങളാകുന്ന മുള്ളുകൾ അവയെ അടിച്ചമർത്തും. അത് ദൈവത്തിനുവേണ്ടി മാത്രം പ്രകടമാക്കപ്പെടുന്നതല്ല. അതോടുകൂടെ സ്വാർഥപരമായ ആഗ്രഹങ്ങളും കലർത്തിയിരിക്കുന്നതിനാൽ അവർക്ക് പൂർണത നേടാനാവില്ല.

തങ്ങളെ ദൈവത്തിൽ പൂർണമായും അർപ്പിച്ചവർക്ക് ദൈവത്തിനുവേണ്ടി മാത്രം ആ വിത്ത് പൂർണതയിലേക്ക് വികാസം പ്രാപിക്കുന്നു. തന്റെ പരിശുദ്ധമായ ഗുണങ്ങൾ അല്ലാഹു അവരുടെ ആത്മാക്കളിൽ നിറയ്ക്കുന്നു. എന്തെന്നാൽ ദൈവത്തെ കൂടാതെ ഉള്ളതെല്ലാം അവരിൽ ശൂന്യമാണ്. ആ ഉന്നത ഗുണങ്ങൾ അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് പ്രിയങ്കരമാക്കുന്നു; ഏതുപോലെ അവ തനിക്ക് പ്രിയങ്കരമാണോ അതുപോലെ. അവരുടെ അർപ്പണം മുഖേന ദൈവികഗുണങ്ങൾ അലങ്കരിച്ചുകൊണ്ട് അവർ എത്രത്തോളം ഉന്നതപദവിയിലെത്തുമെന്നുവെച്ചാൽ ദൈവം തന്റെ സ്വന്തം ഗുണങ്ങൾ പ്രകടമാക്കുന്ന കൈകൾ അവരുടെ ഉപകരണമാകുന്നു. അവർ വിശക്കുന്നവരും ദാഹിക്കുന്നവരുമായി കണ്ടുകൊണ്ട് അവൻ അവർക്ക് പരിശുദ്ധജലം നൽകുന്നു; തന്റെ പ്രത്യേക ഉറവിടത്തിൽനിന്ന്. അതിൽ ഒരു സൃഷ്ടിയും പങ്കുകാരനല്ല.

വിശുദ്ധഖുർആനിന്റെ പരിപൂർണമായ അനുയായികൾക്ക് നല്കപ്പെടുന്ന മറ്റൊരു മഹത്തായ അനുഗ്രഹം സമ്പൂർണ അനുഗ്രഹത്തിന്റെ അവസ്ഥയാണ്. അവരുടെ സ്വന്തം മികവുകൾ ഉണ്ടെങ്കിലും അവർ തങ്ങളുടെ ന്യൂനതയെ മനസ്സിലാക്കുന്നു. സർവ്വശക്തനായ അല്ലാഹുവിന്റെ സാന്നിധ്യത്തിൽ അവരുടെ മുഴുസമയവും വിനയത്തിലും ഒന്നുമില്ലായ്മയിലും എളിമയിലും കഴിച്ചുകൂട്ടുന്നു. അവർ തങ്ങളുടെ സത്യയാഥാർഥ്യമായി വിലമതിക്കുന്നത് വിനയവും നിർധനാവസ്ഥയും ഇല്ലായ്മയേയുമാണ്. സ്വയം തെറ്റുകുറ്റങ്ങളുള്ളവരായി ഗണിക്കുന്നു. തങ്ങൾക്ക് നല്കപ്പെട്ട മികവുകളെ ഒരു മതിലിൽ പതിക്കുന്ന താൽക്കാലികമായ സൂര്യവെളിച്ചമായി കരുതുന്നു. അതിന് മതിലുമായി യഥാർഥ ബന്ധമില്ല. കടം വാങ്ങിയ വസ്ത്രംപോലെ അത് അധോഗതിക്ക് വിധേയമാണ്. എല്ലാ നന്മയും മികവും അവർ അല്ലാഹുവിൽ മിതപ്പെടുത്തുന്നു. അവന്റെ സമഗ്രസത്തയെ എല്ലാ നന്മയുടേയും ഉറവിടമായി കരുതുന്നു. ദൈവികഗുണങ്ങൾ നിരീക്ഷിച്ചുകൊണ്ട് അവരുടെ ഹൃദയങ്ങളിൽ ദൃഢത നിറയുന്നു. അതായത് അവർ സ്വയം ഒന്നുമല്ലെന്നും അവരുടെ സ്വന്തം അസ്തിത്വവും ആഗ്രഹങ്ങളും പദ്ധതികളും ഇല്ലാതാവുന്നു. ദൈവികപ്രതാപത്തിന്റെ തിരയടിക്കുന്ന സമുദ്രം അവരുടെ ഹൃദയങ്ങൾ മൂടുന്നു. ആയിരം വിധത്തിലുള്ള ഇല്ലായ്മ അവർക്ക് അനുഭവപ്പെടുന്നു. അവർ മുഴുവനായും തുടച്ചു വ്യത്തിയാക്കപ്പെടുകയും ഏറ്റവും കുറഞ്ഞ സംശയത്തിൽനിന്നുപോലും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. മറ്റൊരനുഗ്രഹമെന്തെന്നാൽ അവരുടെ ഗ്രാഹ്യശക്തിയും തിരിച്ചറിവും പൂർണവും സമഗ്രവുമാവുകയും സത്യദർശനങ്ങൾ, ആധുനികജ്ഞാനം വ്യക്തമായ വെളിപാട്, അല്ലാഹുവുമായുള്ള സംഭാഷണം, മറ്റു പ്രകൃത്യധീതമായ അനുഭവങ്ങൾ എന്നിവ മുഖേന പൂർണതയിലേക്കും സമഗ്രതയിലേക്കും നയിക്കപ്പെടുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ അവരും പാരത്രികലോകവും തമ്മിൽ വെറും നേരിയതും സുതാര്യവുമായ മറ ബാക്കിയാകുന്നു. അതുവഴി അവർ ഈ ലോകത്തുവെച്ചുതന്നെ പാരത്രികജീവിതത്തിലെ യാഥാർഥ്യങ്ങൾ കാണുമാറാകുന്നു. മറ്റുള്ള ജനങ്ങൾക്ക് ഈ സമഗ്രമായ ഘട്ടത്തിൽ എത്തിച്ചേരാൻ സാധ്യമല്ല. കാരണമെന്തെന്നാൽ അവരുടെ ഗ്രന്ഥങ്ങൾ നിറയെ അന്ധകാരമാണ്. അവരുടെ മറക്കുമുകളിൽ നൂറുക്കണക്കിന് മറ്റു മറകളുമുണ്ട്. അങ്ങനെ അവരുടെ രോഗം വർധിക്കുകയും അവർ മരണത്തിലെത്തിച്ചേരുകയും ചെയ്യുന്നു. ബ്രഹ്മസമാജിക്കുശേഷം പിൻതുടർന്നുവന്ന തത്ത്വജ്ഞാനികൾപോലും, കൂടാതെ അവരുടെ മതത്തിന്റെ മുഴുവൻ ആളുകളും ബുദ്ധിയെ ആശ്രയിക്കുന്നവരാണ്. അവരുടെ മാർഗത്തിൽ അവർ ന്യൂനതാപൂർണരാണ്. അവരുടെ ന്യൂനത വെളിപ്പെടുത്തുന്നതെങ്ങനെയെന്നാൽ, നൂറുക്കണക്കിനു തെറ്റുകൾ കാരണമായി അവരുടെ ഗ്രാഹ്യശക്തി കാണാൻ കഴിയുന്ന ബുദ്ധിക്കും ഊഹങ്ങൾക്കുമപ്പുറം സഞ്ചരിക്കുന്നില്ല എന്ന വസ്തുതകൊണ്ടാണ്.

ഏതൊരു വ്യക്തിയുടെ ഗ്രാഹ്യശക്തിയാണോ കാണാൻ കഴിയുന്ന പരിധിയിൽ ഒതുങ്ങിനില്ക്കുകയും തെറ്റുകൾക്ക് വിധേയമാവുകയും ചെയ്യുന്നത് അയാളുടെ ബുദ്ധിപരമായ സ്ഥാനം വളരെ താഴ്ന്നതാണെന്ന കാര്യം വളരെ വ്യക്തമാണ്. അതിനെതിരിൽ മറ്റെയാളുടെ ഗ്രാഹ്യശക്തി സ്വയം വ്യക്തമാവുന്ന ഘട്ടത്തിലെത്തിയിരിക്കുന്നു. സ്വയം പ്രത്യക്ഷപ്പെടലിന്റെയും ദൃഢതയുടെയും മറ്റൊരു ഘട്ടമുണ്ട്. നിരീക്ഷണം മുഖേനയും ചിന്ത മുഖേനയും സ്വയം വെളിപ്പെടുകയും കണ്ടുപിടിക്കപ്പെടുകയും ചെയ്ത കാര്യങ്ങൾ സ്വയം വെളിപ്പെടുകയും സ്വയം പ്രദർശിക്കപ്പെടുകയും ചെയ്യുന്നത് മറ്റു മാർഗങ്ങളിലൂടെയാണ്. അപ്രകാരം സ്വയം വ്യക്തതയുടെ ഘട്ടം ബുദ്ധിയനുസരിച്ച് സാധ്യമാണ്. ബ്രഹ്മസമാജികൾ അതിന്റെ അസ്തിത്വം നിഷേധിക്കുന്നുവെങ്കിലും അത് ബാഹ്യമായ നിലയിൽ കാണപ്പെടുകയാണെങ്കിൽ സംശയലേശമെന്യെ കൂടുതൽ ഉന്നതവും കൂടുതൽ സമഗ്രവുമാണെന്ന് അവർ സമ്മതിക്കുന്നു. നിരീക്ഷണത്തിനും ചിന്തക്കും വിട്ടുകൊടുക്കപ്പെട്ട ന്യൂനതകൾ ആ ഘട്ടത്തിലേ പൂർത്തിയാവുകയുള്ളൂ. സ്വയം വ്യക്തമാണെന്നു സ്ഥാപിക്കപ്പെട്ട കാര്യം കൂടുതൽ ഉയർന്നതും കൂടുതൽ സമഗ്രമായ ഘട്ടത്തിലുമാണെന്ന് ഓരോ ആൾക്കും മനസ്സിലാക്കാൻ സാധിക്കും. ചിന്തയുടെ ഘട്ടത്തിൽനിന്ന് ഉയർന്നതാണത്. ഉദാഹരണമായി സൃഷ്ടിപ്പിന്റെ നിരീക്ഷണം മുഖേന ബുദ്ധിമാനും സൽപ്രകൃതനുമായ ഒരു മനുഷ്യന് ഈ എല്ലാറ്റിനും ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കണം എന്നു ചിന്തിക്കാൻ കഴിയുമെങ്കിലും വളരെ വ്യക്തവും തിളങ്ങുന്നതുമായ ദൈവത്തെ മനസ്സിലാക്കാനുള്ള വഴി അവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ശക്തമായ വാദഗതികളും അവന്റെ സൃഷ്ടികൾക്ക് വെളിപാട് ലഭിക്കുന്നുവെന്നതാണ്. കാര്യങ്ങളുടെ യാഥാർഥ്യം വെളിപ്പെടുന്നത് അവസാനിക്കുന്നതിനു മുമ്പേ അവരെ അതേക്കുറിച്ച് ബോധവാന്മാരാക്കണം. ദൈവം അവരുടെ പ്രാർഥനകളോട് പ്രതികരിക്കുന്നു. ദൈവം അവരുമായി സംഭാഷണം നടത്തുന്നു. പരലോകജീവിതത്തെ കുറിച്ചുള്ള വസ്തുതകൾ ദർശനങ്ങൾ മുഖേന വെളിപ്പെടുത്തുന്നു. പ്രതിഫലത്തിന്റെ ശിക്ഷ

(ശേഷം പേജ് 11ൽ)

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

# ഖുത്ബ ജുമുഅ

അല്ലാഹു എന്തെങ്കിലും വിധിക്കുന്നതിനുമുമ്പേ വാളെടുക്കുകയും പിന്നീട് അത് ഇറക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ നബിയുടെ തേജോവിലാസത്തിൽനിന്ന് ദൂരപ്പെട്ടതാണ്.

വിശ്വാസവഞ്ചന നാം നമ്മുടെ മതത്തിൽ അനുവദനീയമായി മനസ്സിലാക്കുന്നില്ല.

നബി(സ)തിരുമേനി സംറായ്ക്കും തന്റെ കൂടെവരാൻ അനുവാദം നല്കുകയും ആ നിഷ്കളങ്കനായ കുട്ടിയുടെ മനസ്സ് സന്തോഷിക്കുകയും ചെയ്തു.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാരായ ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യിന്റേയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലിന്റേയും (റളിയല്ലാഹുഅൻഹുമാ) അനുഗൃഹീത ജീവചരിത്ര വിവരണം.

ഖിലാഫത്തിന്റെ പ്രേമിയും, അങ്ങേയറ്റം സാത്വികനും വാത്സല്യവാനുമായ ജമാഅത്തിന്റെ ഖാദിം ഖാജ റശീദുദ്ദീൻ ഖമർ സാഹിബിന്റെ വഫാത്ത്, അദ്ദേഹത്തെ കുറിച്ചുള്ള അനുസ്മരണം, ജനാസ ഗാഇബ്

**ഖുത്ബ ജുമുഅ 2019 ഒക്ടോബർ 18/1398 അഖാഅ് 18**
**എക്സിബിഷൻ സെന്റർ ഗീസൻ(Giesen) ജർമനി**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

നബി(സ) തിരുമേനിയുടെ ബദ്രീ സ്വഹാബാക്കളെക്കുറിച്ച് ഞാൻ തുടങ്ങിവച്ച വിവരണം തന്നെയാണ് ഇന്നും പറയുന്നത്. കഴിഞ്ഞ പര്യടനം കാരണത്താൽ, വിവിധ ജൽസകൾ കാരണത്താൽ ഇതിന്റെ പരമ്പര ഇടയ്ക്ക് പൊട്ടിപ്പോയിരുന്നു. സ്വഹാബത്തിനെ കുറിച്ച് ഞാൻ അവസാനം നല്കിയ ഖുത്ബ സെപ്റ്റംബർ 20 നായിരുന്നു. അതിൽ ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യിനെക്കുറിച്ചുള്ള പരാമർശമാണ് നടന്നത്. അതിലെ കുറച്ചു ഭാഗങ്ങൾ വിവരിക്കാൻ ബാക്കിയുണ്ടായിരുന്നു. ശഹാദത്തിന്റെ സമയത്ത് നബി(സ)തിരുമേനിക്ക് തന്റെ സലാം എത്തിക്കേണമേ എന്ന് അദ്ദേഹം അല്ലാഹുവിനോടു ദുആ ചെയ്തിരുന്നു എന്ന കാര്യമാണ് പറഞ്ഞിരുന്നത്. എന്തായാലും ഇക്കൂട്ടർ വലിയ ഉന്നത പദവി പ്രാപിച്ചവരായിരുന്നു. അല്ലാഹുവിന്റെ വലിയ സാമീപ്യം പ്രാപിച്ചവരായിരുന്നു. അവരോടു അല്ലാഹു എങ്ങനെയാണ് പെരുമാറിയിരുന്നതെന്നതിനെ കുറിച്ചും അറിയാൻ കഴിയുന്നുണ്ട്. 'അല്ലാഹുവേ! വിവരം എത്തിക്കാൻ ഇവിടെ മാർഗമൊന്നുമില്ല, നീ തന്നെ എന്റെ സലാം നബി(സ) തിരുമേനിക്ക് എത്തിച്ചാലും' എന്ന് അദ്ദേഹം പറഞ്ഞപ്പോൾ അല്ലാഹു സലാം നബി(സ)തിരുമേനിക്ക് എത്തിക്കുകയും ചെയ്തു. അവിടെ സദസ്സിൽ ഇരിക്കുകയായിരുന്ന നബി(സ)തിരുമേനി വഅലയ്ക്കുമുസ്സലാം എന്നു പറയുകയും അദ്ദേഹം ശഹീദായിരിക്കുന്നു എന്ന് അവിടെയുണ്ടായിരുന്ന സ്വഹാബാക്കളെ അറിയിക്കുകയും ചെയ്തു. (ഫതഹുൽബാരി, ശറഹ് സ്വഹീഹുൽ ബുഖാരി ലിൽ ഇമാം ഇബ്നുഹജർ അസ്ഖലാനീ ഭാഗം 7 കിതാബുൽമഗാസി, ഹദീഖ് നമ്പർ 4086, ഖദീമീ കുതുബ് ഖാന കറാച്ചി)

നബി(സ) തിരുമേനി ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യിന്റേയും അദ്ദേഹത്തിന്റെ കൂട്ടുകാരുടെയും ശഹാദത്തിനുശേഷം ഹദ്റത്ത് അംറ് ബിൻ ഉമയ്യായോടു മക്കയിൽ പോകാനും ഈ അക്രമത്തിനു കാരണക്കാരനായ അബൂ സുഫിയാനെ വധിക്കാനും കല്പിച്ചു. ഇതിനുള്ള ശിക്ഷ അതാണ്. അവിടന്ന് ഹദ്റത്ത് ജബ്ബാർ ബിൻ സ്വഖ്ർ അൻസ്വാരിയെ അദ്ദേഹത്തിനോടൊപ്പം അയച്ചു. ഇവരിരുവരും മക്കയിൽനിന്ന് 8 മൈൽ ദൂരെയുള്ള ഉജജ് താഴ്‌വരയുടെ മലയിടുക്കിൽ തങ്ങളുടെ ഒട്ടകങ്ങളെ കെട്ടി. രാത്രി നേരത്ത് മക്കയിൽ പ്രവേശിച്ചു. ഹദ്റത്ത് ജബ്ബാർ ഹദ്റത്ത് അംറിനോടു പറഞ്ഞു. 'അഹോ കഷ്ടം നമുക്ക് കഅ്ബ ത്വവാഫ് ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ! രണ്ട് റക്അത്ത് നമസ്കരിക്കാൻ സാധിച്ചിരുന്നെങ്കിൽ! ഹദ്റത്ത് അംറ് പറഞ്ഞു: 'രാത്രി ഭക്ഷണം കഴിച്ചതിനുശേഷം തങ്ങളുടെ വീട്ടുമുറ്റത്ത് ഇരിക്കുക എന്നത് ഖുറയ്ശികളുടെ രീതിയാണ്; നമ്മൾ പിടിക്കപ്പെടാൻ പാടില്ല.' ഹദ്റത്ത് ജബ്ബാർ പറഞ്ഞു: 'ഇൻശാ അല്ലാഹ് അങ്ങനെ ഒരിക്കലുമുണ്ടാകുകയില്ല.' ഹദ്റത്ത് അംറ് വിവരിക്കുന്നു: 'പിന്നീട് ഞങ്ങൾ കഅ്ബ പ്രദക്ഷിണം ചെയ്തു. രണ്ട് റക്അത്ത് നമസ്കരിച്ചു. തുടർന്ന് ഞങ്ങൾ അബൂസുഫിയാനെ തിരഞ്ഞ് ഇറങ്ങി. അല്ലാഹുവാണ! ഞങ്ങൾ നടക്കുകയായിരുന്നു; മക്കക്കാരിൽ ഒരാൾ ഞങ്ങളെ കണ്ടു. എന്നെ തിരിച്ചറിയുകയും ചെയ്തു. അവർ പറഞ്ഞു: 'അംറ് ബിൻ ഉമയ്യ തീർച്ചയായും എന്തെങ്കിലും ഉപദ്രവം ഉദ്ദേശിച്ച് വന്നതായിരിക്കും.' അപ്പോൾ ഞാൻ എന്റെ കൂട്ടുകാരനോടു പറഞ്ഞു: 'രക്ഷപ്പെടുക! ഇവിടെനിന്ന് ഓടിക്കൊള്ളുക! പിന്നീട് ഞങ്ങൾ വേഗത്തിൽ അവിടെനിന്ന് പുറപ്പെട്ടു; ഒരു മലയിൽ കയറി. അവരും ഞങ്ങളെ തിരഞ്ഞ് പിന്നാലെ കൂടി. ഞങ്ങൾ മലമുകളിൽ കയറിയപ്പോൾ അവർ നിരാശരായി പൊയ്ക്കളഞ്ഞു. തുടർന്ന് ഞങ്ങൾ താഴെ ഇറങ്ങി മലയുടെ ഒരു ഗുഹയിൽ കയറി. കല്ലുകൾ കൂട്ടി മുകളിലും താഴെയുമായി വെച്ചു. അവിടെ ഞങ്ങൾ രാത്രി കഴിച്ചുകൂട്ടി. നേരം വെളുത്തപ്പോൾ ഒരു ഖുറയ്ശി അവിടെ വന്നു. അയാൾ തന്റെ കുതിരയുമായി പോകുകയായിരുന്നു. ഞങ്ങൾ പിന്നീട് ഗുഹയിൽ ഒളിച്ചു. ഞാൻ പറഞ്ഞു: 'അയാൾ നമ്മെ കണ്ടാൽ ബഹളമുണ്ടാക്കും. അതുകൊണ്ട് അയാളെ പിടിച്ച് കൊല്ലുന്നതാണ് നല്ലത്.' ഹദ്റത്ത് അംറ് വിവരിക്കുന്നു: 'എന്റെ കൈയിൽ ഒരു കഠാര ഉണ്ടായിരുന്നു; അത് അബൂസുഫിയാനുവേണ്ടി തയ്യാറാക്കി വെച്ചതായിരുന്നു. ഞാൻ ആ കഠാര കൊണ്ട് അയാളുടെ നെഞ്ചത്ത് കുത്തി. അയാൾ അലറി. അയാളുടെ ശബ്ദം മക്കക്കാർ കേട്ടു.' പറയുന്നു: 'ഞാൻ വീണ്ടും എന്റെ സ്ഥലത്ത് വന്നിരുന്നു. ആളുകൾ വേഗത്തിൽ അയാളുടെ അടുത്തെത്തിയപ്പോൾ അയാൾ അന്ത്യശ്വാസം വലിക്കുകയായിരുന്നു. അവർ അയാളോടു താങ്കളെ ആക്രമിച്ചതാരാണെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: 'അംറ് ബിൻ ഉമയ്യ.' പിന്നീട് അയാൾ മരിച്ചു. ആ സ്ഥലത്തുതന്നെ അയാൾ മരിച്ചു. ഞങ്ങളുടെ മേൽവിലാസം പറയാൻ അയാൾക്ക് കഴിഞ്ഞില്ല. അക്കാലത്തെ അവസ്ഥ എങ്ങനെയായിരുന്നുവെന്നാൽ, ശത്രുക്കൾക്ക് മനസ്സിലായിക്കഴിഞ്ഞാൽ പരസ്പരമുള്ള കഠിനമായ ശത്രുത കാരണത്താൽ, കൊല്ലുക തന്നെയായിരുന്നു പതിവ്. തങ്ങളെ കണ്ടുവെന്നും ഇനി അയാൾ പോയി പറയുമെന്നുള്ള സംശയമായിരുന്നു അവർക്ക്. അങ്ങനെ സത്യനിഷേധികൾ തങ്ങളുടെ പിന്നാലെ വരും. പിന്നീട് തങ്ങളേയും കൊല്ലും. അതിനു മുമ്പേ പ്രതിരോധമെന്നനിലയിൽ അവർ ഇങ്ങനെ ചെയ്തു. എന്തായാലും അദ്ദേഹം പറയുന്നു: ഞങ്ങളെ കുറിച്ചുള്ള വിവരം നല്കാൻ അയാൾക്ക് സാധിച്ചില്ല. അവർ അയാളെ ഏറ്റിക്കൊണ്ടുപോയി. വൈകുന്നേരം ഞാനെന്റെ കൂട്ടുകാരനോടു പറഞ്ഞു: 'ഇപ്പോൾ നമ്മൾ സുരക്ഷിതരാണ്.' അങ്ങനെ ഞങ്ങൾ രാത്രിയിൽ മക്കയിൽനിന്ന് മദീനയിലേക്ക് പുറപ്പെട്ടു. ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യിന്റെ മൃതദേഹത്തിന് കാവൽനില്ക്കുന്ന ഒരു സംഘത്തിന്റെ അടുത്തൂടെ ഞങ്ങൾ പോയി. അവരിലൊരാൾ ഹദ്റത്ത് അംറിനെ കണ്ടുകൊണ്ടു പറഞ്ഞു. അല്ലാഹുവാണ! എത്രത്തോളം ഇയാളുടെ നടപ്പ് അംറ് ബിൻ ഉമയ്യായുമായി ചേരുന്നുവോ അതിനേക്കാൾ കൂടുതൽ ഞാൻ ഇന്നേയ്ക്ക് മുമ്പേ ഒരിക്കലും കണ്ടിട്ടില്ല. അയാൾ മദീനയിലായിരുന്നില്ലെങ്കിൽ ഞാൻ പ

റയുമായിരുന്നു ഇത് അംറ് ബിൻ ഉമയ്യ ആണെന്ന്.' ഇവിടേയും അല്ലാഹു അവരുടെ കണ്ണുകളിൽ മറയിട്ടു. പറയുന്നു: 'ഹദ്റത്ത് ജബ്ബാർ(റ) ഹദ്റത്ത് ഖുബയ്ബിനെ തൂക്കിയിട്ടിരുന്ന ആ തടിവരെ എത്തിയപ്പോൾ വേഗം അദ്ദേഹത്തെയുമെടുത്ത് നടന്നു. അവരും അദ്ദേഹത്തിന്റെ പിന്നാലെ ഓടി. മറ്റൊരു നിവേദനത്തിലുണ്ട്. അവർ മദ്യലഹരിയിലായിരുന്നു. കുടിച്ചു മത്തിലായിരുന്നു. കുറച്ചാളുകൾ ഉണർന്നവരികയായിരുന്നു; കുറച്ചുപേർ ഉറങ്ങുകയും കുറച്ച് മയക്കത്തിലായിരുന്നു. എന്തായാലും അവർക്ക് മനസ്സിലായില്ല. ഇവർ വേഗം അദ്ദേഹത്തേയും എടുത്തുകൊണ്ട് ഓടി. പിന്നീട് അവർ അറിഞ്ഞപ്പോൾ ഇവരുടെ പിന്നാലെ പാഞ്ഞു. ഹദ്റത്ത് ജബ്ബാർ ഉജജ് മലയുടെ വെള്ളമൊഴുകുന്ന തോടിന്റെ അടുത്ത് എത്തി. അവർ ആ തടി അതിലേക്ക് എറിഞ്ഞു. അവരും പിന്നാലെയെത്തി. പക്ഷേ, അല്ലാഹു ആ തടി ആ സത്യനിഷേധികളുടെ കണ്ണിൽനിന്ന് മായിച്ചു. അവർക്ക് അത് അന്വേഷിച്ച് കണ്ടെത്താൻ കഴിഞ്ഞില്ല. ഹദ്റത്ത് അംറ് പറയുന്നു: 'ഞാനെന്റെ കൂട്ടുകാരൻ ഹദ്റത്ത് ജബ്ബാറിനോട് പറഞ്ഞു: 'താങ്കൾ ഇവിടെനിന്ന് പുറപ്പെടുക. താങ്കളുടെ ഒട്ടകത്തിന്മേൽ ഇരുന്ന് പുറപ്പെട്ടുകൊള്ളുക. ഞാൻ അവരെ താങ്കളുടെ പിന്നാലെ വരുന്നതിൽനിന്ന് തടഞ്ഞുകൊള്ളാം.'

ഹദ്റത്ത് അംറ് പറയുന്നു: 'പിന്നീട് ഞാൻ പോയി. അങ്ങനെ 'ഇബ്ഹനാൻ' മലവരെയെത്തി. അത് മക്കയിൽനിന്ന് 25 മൈൽ ദൂരത്താണ്. ഞാനൊരു ഗുഹയിൽ അഭയം തേടി.

അവിടെനിന്നിറങ്ങി അർജ് എന്ന സ്ഥലത്തെത്തി. അത് മദീനയിൽനിന്ന് 78 മൈൽ ദൂരത്താണ്. പിന്നീട് മുന്നോട്ടുപോയി. അദ്ദേഹം പറയുന്നു: ഞാൻ നബീഅ് എന്ന സ്ഥലത്തെത്തിയപ്പോൾ അത് മദീനയിൽനിന്ന് 60 മൈൽ ദൂരെയാണ്– മദീനയിൽ ഖുറയ്ശികൾ അയച്ച രണ്ട് ചാരന്മാരെ കണ്ടു. ഞാൻ അവരോട് ആയുധം താഴെയിടാൻ പറഞ്ഞു. നിങ്ങൾ ചാരപ്രവർത്തനത്തിന് വന്നതാണെന്ന് അറിഞ്ഞുകഴിഞ്ഞു. പക്ഷേ, അവർ അനുസരിച്ചില്ല. അപ്പോൾ അവിടെ പോരാട്ടം തുടങ്ങി. അദ്ദേഹം പറയുന്നു: 'ഒരാളെ ഞാൻ അമ്പെയ്ത് വീഴ്ത്തി. രണ്ടാമത്തെയാളെ തടവിലാക്കി. പിന്നീട് അയാളെ കെട്ടി മദീനയിൽ കൊണ്ടുവന്നു. (അസ്സീറത്തുന്നബ്വിയ്യ, ലി ഇബ്നിഹിശാം, പേജ് 885–886, ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2005) (അൽഇസാബ ഫീ തമീസിസ്സഹാബ, ഭാഗം 2, പേജ് 226, ഖുബയ്ബ് ബിൻ അദിയ്യ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995) ലുഗാത്തുൽ ഹദീഥ് വാല്യം 4, പേജ് 603 കിതാബ് 'യാഅ്' വാല്യം 3, പേജ് 46, കിതാബ് 20) (മുഅ്ജമുൽ ബുൽദാൻ, വാല്യം 3, പേജ് 225, 306 വാല്യം 4, പേജ് 400)

മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരി വിവരിക്കുന്നു: നബി(സ) തിരുമേനി അദ്ദേഹത്തെ തനിച്ച് ചാരൻ എന്ന നിലയിൽ അയച്ചു; ഹദ്റത്ത് ഖുബയ്ബിനെ തടിയിൽ നിന്നിറക്കുന്നതിന്! അദ്ദേഹം പറയുന്നു: രാത്രി നേരത്ത് ഞാൻ ഖുബയ്ബിനെ കെട്ടിയിട്ട തടിയുടെ അടുത്തെത്തി. അതിന്മേൽ കയറി. എന്നെ ആരെങ്കിലും കാണുമോ എന്ന് ഭയന്നിരുന്നു. ഞാൻ ആ തടി വിട്ടപ്പോൾ അത് തറയിൽ വീണു. പിന്നീട് ഞാൻ കണ്ടത് ആ തടി അപ്രത്യക്ഷമായതാണ്, ഭൂമി അത് വിഴുങ്ങിയതുപോലെ. പിന്നീട് ആ സമയം മുതൽ ഇന്നുവരെ ഖുബയ്ബിന്റെ എല്ലുകളെ കുറിച്ച് ഒരു വിവരവുമില്ല.' (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ വാല്യം 1, പേജ് 684. ഖുബയ്ബ് ബിൻ അദിയ്യ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരി വിവരിക്കുന്നു. ഞാൻ ഖുബയ്ബിനെ കയറുകളിൽനിന്നെല്ലാം മോചിപ്പിച്ച് താഴെ കിടത്തിയപ്പോൾ ഞാനെന്റെ പിന്നിൽ ആളിന്റെ അനക്കം കേട്ടു. എഴുന്നേറ്റു നേരെ നിന്നപ്പോൾ ഒന്നും കണ്ടില്ല. ഹദ്റത്ത് ഖുബയ്ബിന്റെ ശരീരം അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ് ഭാഗം 2, പേജ് 25, ഖുബയ്ബ് ബിൻ അദിയ്യ് ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ആദ്യത്തെ നിവേദനമാണ് കൂടുതൽ ശരിയായി തോന്നുന്നത്. പിന്നാലെ ഓടിയപ്പോൾ അദ്ദേഹം നദിയിലെറിഞ്ഞു. നദി അദ്ദേഹത്തെ ഒഴുക്കിക്കൊണ്ടുപോയി. നദിയിൽ ഒഴുക്കുണ്ടായിരുന്നു. ഇങ്ങനെ വിവിധ നിവേദനങ്ങൾ വരുന്നുണ്ട്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ശരീരം ഭൂമിയിൽനിന്ന് അപ്രത്യക്ഷമായെന്ന് പറഞ്ഞത്. (അൽഇസാബ ഫീ തമീസിസ്സഹാബ ഭാഗം 2, പേജ് 226, ഖുബയ്ബ് ബിൻ അദിയ്യ്, ദാറുൽ കുതുബുൽഇൽമിയ്യ, ബേറൂത്ത് 2005) സത്യനിഷേധികൾ എന്തൊന്ന് ചെയ്യാനാണോ ആഗ്രഹിച്ചത് അത് നടന്നില്ല. അവർക്ക് മൃതശരീരത്തെ അപമാനിക്കാൻ കഴിഞ്ഞില്ല. അല്ലാഹു അത് സുരക്ഷിതമാക്കി.

ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യിനെ തടവിലാക്കിയ സംഭവത്തെക്കുറിച്ച് ഇങ്ങനെയും ഒരു നിവേദനമുണ്ട്. മാവിയ്യ, ഹുജയ്ർ ബിൻ അബൂ ഇഹാബിന്റെ സ്വതന്ത്രയാക്കപ്പെട്ട അടിമസ്ത്രീയായിരുന്നു. മക്കയിൽ അവരുടെ വീട്ടിലായിരുന്നു ഖുബയ്ബ് ബിൻ അദിയ്യ് തടവുകാരനായി കഴിഞ്ഞിരുന്നത്; നിഷിദ്ധമാക്കപ്പെട്ട മാസങ്ങൾ കഴിഞ്ഞാൽ അദ്ദേഹത്തെ വധിക്കുന്നതിനുവേണ്ടി തടവിലാക്കിയിരിക്കുകയായിരുന്നു. മാവിയ്യ പിന്നീട് മുസ്ലിമായി. നല്ലൊരു മുസ്ലിമായി അവർ. മാവിയ്യ പിന്നീട് ഈ സംഭവം പറയാറുണ്ടായിരുന്നു: 'അല്ലാഹുവാണ! ഹദ്റത്ത് ഖുബയ്ബിനെക്കാളും ഉത്തമനായ ഒരു മനുഷ്യനെ ഞാൻ കണ്ടിട്ടേയില്ല. ഞാൻ വാതിൽപ്പഴുതിലൂടെ അദ്ദേഹത്തെ നോക്കാറുണ്ടായിരുന്നു. അദ്ദേഹത്തെ ചങ്ങലകളിൽ ബന്ധിച്ചിരിക്കുകയായിരുന്നു. ഭൂമിയിലെവിടെയും മുന്തിരിയുടെ ഒരു മണിപോലും കഴിക്കാനായി കിട്ടാത്ത കാലത്ത് ഹദ്റത്ത് ഖുബയ്ബിന്റെ കൈയിൽ ഒരു മനുഷ്യശിരസ്സിന്റെ അത്രയും വലുപ്പമുള്ള മുന്തിരിക്കുല ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹം അതിൽനിന്ന് കഴിക്കുമായിരുന്നു. അതായത് വലിയ മുന്തിരിക്കുല അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. അല്ലാഹുവിന്റെ രിസ്ഖല്ലാതെ മറ്റൊന്നുമല്ലായിരുന്നു അത്. ഹദ്റത്ത് ഖുബയ്ബ്(റ) തഹജ്ജുദ് നമസ്കാരത്തിൽ ഖുർആൻ പാരായണം ചെയ്യുന്നത് കേട്ട് സ്ത്രീകൾ കരയുമായിരുന്നു. ഹദ്റത്ത് ഖുബയ്ബിനോട് അവർക്ക് ദയ തോന്നുമായിരുന്നു. മാവിയ്യ പറയുന്നു: ഒരു ദിവസം ഞാൻ ഖുബയ്ബിനോടു, നിങ്ങൾക്ക് വല്ലതും ആവശ്യമുണ്ടോ എന്ന് ചോദിച്ചു. ഇല്ല എന്ന് മറുപടി പറഞ്ഞു. ഒരിക്കൽ ഖുബയ്ബ് എന്നോടു പറഞ്ഞു, 'എനിക്കൊരു ക്ഷൗരക്കത്തി കൊടുത്തു വിടുക. ഞാനൊന്ന് വൃത്തിയാകട്ടെ.' ഞാനെന്റെ മകൻ അബൂഹുസയ്നിന്റെ കൈയിൽ ക്ഷൗരക്കത്തി കൊടുത്തുവിട്ടു. കുട്ടിയെ വിട്ടുകഴിഞ്ഞപ്പോൾ ഞാൻ ചിന്തിച്ചു, ഞാനിതെന്താണീ ചെയ്തത്? എന്റെ മകൻ അയാളുടെ അടുത്താണ്. അയാളുടെ കൈയിൽ കത്തിയുമുണ്ട്. അയാൾ പ്രതികാരം ചെയ്താലോ? ഹദ്റത്ത് ഖുബയ്ബ് ആ ക്ഷൗരക്കത്തി വാങ്ങിക്കൊണ്ട് കുട്ടിയോടു തമാശയായി പറഞ്ഞു നീ വലിയ ധൈര്യശാലിയാണ്. നിന്റെ മാതാവിന് ഞാൻ വിശ്വാസവഞ്ചന കാണിക്കുമെന്ന ഭയമില്ലെ? എന്നെ വധശിക്ഷയ്ക്കു വിധിച്ചിരിക്കെ എന്റെ അടുത്തേക്ക് നിന്റെ കൈയിൽ ക്ഷൗരക്കത്തി കൊടുത്തു വിട്ടിരിക്കുന്നു.' ഹദ്റത്ത് മാവിയ്യ പറയുന്നു: 'ഞാൻ അതു കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ പറഞ്ഞു: 'ഖുബയ്ബേ! അല്ലാഹുവിലുള്ള വിശ്വാസത്താലാണ് നിന്നെക്കുറിച്ചു ഭയപ്പെടാതിരുന്നത്. നിന്റെ ആരാധ്യനിൽ ഭരമേല്പിച്ചുകൊണ്ടാണ് കുട്ടിയുടെ കൈയിൽ ക്ഷൗരക്കത്തി കൊടുത്തു വിട്ടത്. അല്ലാതെ എന്റ മകനെ കൊല്ലുന്നതിനു വേണ്ടിയല്ല.' ഹദ്റത്ത് ഖുബയ്ബ്(റ) പറഞ്ഞു: 'ഞാനങ്ങനെ അവനെ കൊല്ലുന്നവനല്ല. വിശ്വാസവഞ്ചന കാണിക്കാൻ ഞങ്ങളുടെ മതം അനുവദിക്കുന്നില്ല. അവർ മാവിയ്യ പറയുന്നു: 'നിങ്ങളെ നാളെ രാവിലെ വധിക്കുവാനായി കൊണ്ടുപോകുന്നതാണെന്ന് ഞാൻ അറിയിച്ചു. അടുത്ത ദിവസം അദ്ദേഹത്തെ ചങ്ങലയിൽ ബന്ധിച്ചുകൊണ്ട് മക്കയിൽനിന്ന് മദീനയിലേക്കുള്ള മൂന്നു മൈൽ ദൂരത്തുള്ള 'തൻഈം' എന്ന സ്ഥലത്തേക്കു കൊണ്ടുപോയി. ഖുബയ്ബിന്റെ കൂടെ സയ്ദ് ബിൻ ദസ്നയെയും വധിക്കാനായി കൊണ്ടു പോകുകയുണ്ടായി. ഖുബയ്ബിനെ വധിക്കുന്ന 'തമാശ' കാണുന്നതിനുവേണ്ടി കുട്ടികളും സ്ത്രീകളും അടിമകളും മക്കയിലെ നിരവധി ആളുകളും അവിടെ എത്തിച്ചേർന്നു. ഒരു നിവേദനമനുസരിച്ച് മക്കയിൽ ഇനി ആരും ബാക്കിയുണ്ടായിരുന്നില്ല.

യുദ്ധത്തിൽ വധിക്കപ്പെട്ട അവരുടെ വലിയവരായ ആളുകൾക്ക് പകരംവീട്ടാൻ അവർ ആഗ്രഹിച്ചിരുന്നു. തങ്ങളുടെ കണ്ണുകൾ കുളിർപ്പിക്കുന്നതിനുവേണ്ടിയാണ് അവർ പോയത്. ഇസ്ലാമിന്റെയും മുസ്ലിമീങ്ങളുടെയും എതിരാളികളായിരുന്നു അവർ. എതിർപ്പ് പ്രകടിപ്പിക്കുന്നതിനും സന്തോഷിക്കുന്നതിനും വേണ്ടി അവിടെ പോയതാണ്; എങ്ങനെയാണ് അദ്ദേഹത്തെ കൊല്ലുന്നതെന്ന് കാണാനും. പിന്നീട് ഹദ്റത്ത് ഖുബയ്ബിന്റെ കൂടെ സയ്ദ് ബിൻ ദിശ്നയേയും കൊണ്ടുപോയി. തൻഈം എന്ന സ്ഥലത്തെത്തിയപ്പോൾ മുശ്രിക്കീങ്ങളുടെ കല്പനയാൽ ഒരു വലിയ തടി നാട്ടപ്പെട്ടിരുന്നു. ഖുബയ്ബിനെ അവർ ആ തടിയുടെ അടുത്ത് കൊണ്ടുവ

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

ന്നപ്പോൾ ഖുബയ്ബ് പറഞ്ഞു: 'എനിക്ക് രണ്ട് റക്അത്ത് നമസ്കരിക്കാൻ ഒഴിവുതരുമോ?' ആളുകൾ പറഞ്ഞു: 'തീർച്ചയായും.' ഹദ്റത്ത് ഖുബയ്ബ് രണ്ട് റക്അത്ത് നഫ്ൽ വേഗം നമസ്കരിച്ചു; അത് ദീർഘിപ്പിച്ചില്ല. ഇത് ആസ്ത്രീയുടെ നിവേദനമാണ്. (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 8, പേജ് 394 മാവിയ്യ മൗലാത്തു ജുഹയ്ർ, ദാറുഅഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 1996) (സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദ്, ഹദീഥ് 3045) ഉസുദുൽ ഗാബ, വാള്യം 1, പേജ് 683 അടിക്കുറിപ്പ്, പ്രസാധകർ ദാറുൽ കുതുബുൽഇൽമിയ്യ ബേറൂത്ത് 2003)

ഇബ്നു സഅ്ദിനെ ഉദ്ധരിച്ച് ഇപ്പോൾ പറഞ്ഞ നിവേദനമനുസരിച്ച് മാവിയ്യ, ജുഹയ്ർ ബിൻ അബ്വാഹിയുടെ സ്വതന്ത്രയാക്കപ്പെട്ട അടിമസ്ത്രീയായിരുന്നു. അവരുടെ വീട്ടിലാണ് ഹദ്റത്ത് ഖുബയ്ബ് തടവിലാക്കപ്പെട്ടിരുന്നത്.

അല്ലാമ ഇബ്നു അബ്ദുൽ ബർറിന്റേതനുസരിച്ച്, ഹദ്റത്ത് ഖുബയ്ബ്(റ) ഉഖബായുടെ വീട്ടിൽ തടവിലായിരുന്നു. ഉഖ്ബയുടെ ഭാര്യ അദ്ദേഹത്തിന് ഭക്ഷണം ലഭ്യമാക്കിയിരുന്നു. ഭക്ഷണസമയത്ത് അവർ ഹദ്റത്ത് ഖുബയ്ബിനെ തുറന്നുവിടുമായിരുന്നു. (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ് ഭാഗം 2, പേജ് 25, ഖുബ്യബ് ബിൻ അദിയ്യ്, ദാറുൽ കുതുബുൽഇൽമിയ്യ ബേറൂത്ത് 2002) (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 1, പേജ് 683, ഖുബയ്ബ് ബിൻ അദിയ്യ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003) അതായത് ആദ്യം തടി നാട്ടപ്പെട്ടു; ഭൂമിയിൽ കുഴിച്ചിട്ടു. അതിൽ അദ്ദേഹത്തെ ബന്ധിച്ച് പിന്നീട് ശഹീദാക്കി.

ഈ വധ സംഭവത്തെ കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: 'ആ തമാശ കണ്ട് ആസ്വദിക്കാൻ വന്നവരിൽ മക്കയിലെ നേതാവായിരുന്ന അബൂസൂഫിയാനും ഉണ്ടായിരുന്നു. അയാൾ സയ്ദിനെ നോക്കിക്കൊണ്ട് ചോദിച്ചു: 'മുഹമ്മദ് നിങ്ങളുടെ സ്ഥാനത്തും നിങ്ങൾ നിങ്ങളുടെ വീട്ടിൽ സുഖമായിരിക്കുകയും ചെയ്യുന്നത് നിങ്ങളിഷ്ടപ്പെടുന്നില്ലെ?' സയ്ദ് അതികോപത്തോടെ പറഞ്ഞു: 'അബൂ സുഫിയാൻ! നീ എന്താണു പറയുന്നത്? അല്ലാഹുവാണ! മദീനയുടെ തെരുവുവീഥികളിൽ നിന്ന് നബി(സ) തിരുമേനിയുടെ കാലിൽ ഒരു മുള്ള് തറയ്ക്കുന്നതിലും ഭേദം ഞാൻ മരിക്കുന്നതാണ്.' ഈ അർപണബോധം അബൂ സുഫിയാനെ സ്വാധീനിക്കാതിരുന്നില്ല. അയാൾ അത്ഭുതത്തോടെ അദ്ദേഹത്തെ നോക്കിക്കൊണ്ടു പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: 'ദൈവം സാക്ഷി! മുഹമ്മദിന്റെ അനുചരന്മാർ മുഹമ്മദിനെ സ്നേഹിക്കുന്നത്ര ഒരാളും മറ്റൊരാളെ സ്നേഹിക്കുന്നത് ഞാൻ കണ്ടിട്ടില്ല.' (ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20 പേജ് 262–263)

ഇതായിരുന്നു സ്വഹാബത്തിന്റെ നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിന്റേയും കൂറിന്റേയും ബന്ധം. ജീവൻ ബലിയർപണം ചെയ്യുന്നതിന്റെ നിലവാരവും. പിന്നീട് അല്ലാഹുവിന്റെ അവരോടുള്ള പെരുമാറ്റവും എങ്ങനെയാണെന്നും പ്രകടമായി. അവരുടെ സ്വന്തം നിലവാരമെന്തായിരുന്നു. ഖുബാബ് പറഞ്ഞു: 'താൻ അല്ലാഹുവിന്റെ വഴിയിൽ വധിക്കപ്പെടുമ്പോൾ ഏതു വശത്തേക്കു വീണാലും ഒരു വ്യത്യാസവും വരാൻ പോകുന്നില്ല. ഇടത്തോ വലത്തോ മുമ്പിലോ പിമ്പിലോ വീണാലും ഞാൻ അല്ലാഹുവിനുവേണ്ടിയാണ് ബലിദാനം ചെയ്യുന്നത്.' (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബത്തി വാള്യം 1, പേജ് 683, ഖുബയ്ബ് ബിൻ അദിയ്യ്, ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2003)

ഒരൊറ്റ ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. അത് അദ്ദേഹം വധിക്കപ്പെടുന്നതിനു മുമ്പേ പ്രകടിപ്പിക്കുകയും ചെയ്തു. അതും അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യണമെന്ന്. രണ്ട് റക്അത്ത് നഫ്ൽ നമസ്കരിക്കണമെന്ന്. നബി(സ) തിരുമേനിക്ക് സലാം എത്തിക്കണമെന്ന ആഗ്രഹവും പ്രകടിപ്പിച്ചു. അത് അല്ലാഹു പൂർത്തിയാക്കി. സലാം എത്തിച്ചു. നബി(സ)തിരുമേനിയോടുള്ള അനുരക്തി എന്തായിരുന്നു, അവിടത്തെ കാലിൽ ഒരു മുള്ള് തറയ്ക്കുന്നതുപോലും ഇഷ്ടപ്പെട്ടിരുന്നില്ല. നബി(സ)തിരുമേനിക്ക് എന്തെങ്കിലും ചെറിയ ബുദ്ധിമുട്ടുണ്ടാകുന്നതും സഹിക്കാൻ പറ്റുമായിരുന്നില്ല; അദ്ദേഹം തന്റെ ജീവൻ വകവെച്ചില്ല. അപ്പോഴാണ് ഇക്കൂട്ടർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായത്.

അടുത്തതായി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെക്കുറിച്ച് പറയുകയാണ്. അൻസ്വാറിന്റെ ഗോത്രമായ ഖസ്റജിന്റെ ശാഖയായ ബനൂഔഫുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹം കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ മകനായിരുന്നു. അങ്ങേയറ്റത്തെ ആത്മാർഥനും ജീവത്യാഗിയും നബി(സ)തിരുമേനിയിൽ അനുരക്തനായിരുന്ന സ്വഹാബിയുമായിരുന്നു. ഹദ്റത്ത് അബ്ദുല്ലായുടെ മാതാവിന്റെ പേര് ഖൗല ബിൻത് മുൻദിർ എന്നായിരുന്നു. (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നിഹിശാം, പേജ് 468, 'അൽഅൻസ്വാറു വമിൻ മഅഹും', ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് ലബ്നാൻ 2001) (അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 408, അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് ലബ്നാൻ 1990)

ജാഹിലിയ്യാ കാലത്ത് ഹദ്റത്ത് അബ്ദുല്ലായുടെ പേര് ഹബ്ബാബ് എന്നായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ ആ പേര് മാറ്റി അബ്ദുല്ലാഹ് എന്നു വെച്ചു. ഹബ്ബാബ് എന്നത് ശയ്ത്വാന്റെ പേരാണ് എന്നു പറഞ്ഞു. കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ പിതാമഹിയുടെ പേരാണ് സുലൂൽ. അവരുടെ ഗോത്രത്തിന് ഖുസാഅയുമായി ബന്ധമുണ്ടായിരുന്നു. ഉബയ് തന്റെ മാതാവിന്റെ ബന്ധത്താൽ പ്രശസ്തനായിരുന്നു. അതുകൊണ്ടാണ് അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂൽ എന്ന് പറയപ്പെട്ടിരുന്നത്. അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂൽ അബൂആമിർ റാഹിബിന്റെ മാതൃസഹോദരിയുടെ മകനായിരുന്നു. നബി(സ)തിരുമേനിയുടെ നിയോഗത്തെ കുറിച്ച് ജനങ്ങളിൽ പ്രചരിപ്പിക്കുകയും അതായത് ഒരു നബി ജനിക്കാൻ പോകുന്നുവെന്നും ആ നബിയിൽ തങ്ങൾ വിശ്വസിക്കുന്നുവെന്ന് പ്രകടിപ്പിക്കുകയും അവിടത്തെ വെളിപ്പെടൽ ഉണ്ടാകുമെന്ന് ജനങ്ങളോടു വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്ന ആളുകളിൽപ്പെട്ടയാളായിരുന്നു അബൂ ആമിർ. അബൂആമിർ ജാഹിലിയ്യ കാലത്ത് വലിയ തടിച്ച വസ്ത്രം ധരിക്കുകയും സന്യാസം സ്വീകരിക്കുകയും ചെയ്തിരുന്നു. അല്ലാഹു തന്റെ റസൂലിനെ നിയോഗിച്ചപ്പോൾ ഉപദേശിച്ചുനടന്നത് പ്രാവർത്തികമാക്കുന്നതിനുപകരം എതിർ പ്രവർത്തിക്കാൻ തുടങ്ങി. അസൂയയിൽ അകപ്പെട്ടു. അസൂയപ്പെടാൻ തുടങ്ങി. അയാൾ വിശ്വാസവഞ്ചന കാണിച്ചു. സത്യനിഷേധത്തിൽ നിലകൊണ്ടു. മുശ്രിക്കീങ്ങളോടൊപ്പം നബി(സ)തിരുമേനിക്കെതിരിൽ ബദ്ർ യുദ്ധത്തിന് പുറപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി അയാളുടെ പേര് ഫാസിഖ് എന്നു വെച്ചു. (അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 408–409, അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് ലബ്നാൻ 1990)

ഹദ്റത്ത് അബ്ദുല്ലായുടെ മക്കളിൽ ഉബാദ, ജലീഹ, ഖയ്ഥമ, ഖൗലാ, അമാമ എന്നിവരെ കുറിച്ച് വിവരങ്ങൾ ലഭിക്കുന്നുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ഇസ്ലാം സ്വീകരിച്ചു. അദ്ദേഹം നല്ല നിലയിലാണ് ഇസ്ലാം സ്വീകരിച്ചത്. ജലീലുൽ ഖദ്ർ സ്വഹാബികളിൽപ്പെട്ടയാളായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് നബി(സ)തിരുമേനിയോടൊപ്പം ബദ്ർ, ഉഹുദ് തുടങ്ങി മറ്റെല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന് എഴുത്തും വായനയും അറിയാമായിരുന്നു. ഹദ്റത്ത് ആഇശാ(റ) ഹദ്റത്ത് അബ്ദുല്ലായിൽ നിന്ന് ഹദീഥുകൾ നിവേദനം ചെയ്തിട്ടുണ്ട്. 'കാത്തിബെ വഹ്‌യ്' വെളിപാട് എഴുതുന്നയാളാകാനും അദ്ദേഹത്തിനു ഭാഗ്യം ലഭിച്ചിട്ടുണ്ട്. (അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 408–409, അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് ലബ്നാൻ 1990)(സയ്റുസ്സ്വഹാബ, സയീദ് അൻസ്വാരി, വാള്യം 3, പേജ് 425, ദാറുൽ ഇശാഅത്ത് ഉർദു ബാസാർ, കറാച്ചി, 2004)

ഒരു നിവേദനത്തിൽ വരുന്നു, ഉഹുദ് യുദ്ധത്തിൽ അബ്ദുല്ലായുടെ മൂക്ക് മുറിഞ്ഞുപോയി. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന് സ്വർണംകൊണ്ടുള്ള മൂക്ക് വെച്ചുകൊടുക്കാൻ നിർദേശിച്ചു. എന്നാൽ, മറ്റൊരു നിവേദനത്തിൽ വന്നിട്ടുള്ളത് അദ്ദേഹത്തിന്റെ രണ്ടു പല്ല് പൊട്ടിയെന്നും നബി(സ)തിരുമേനി അദ്ദേഹത്തിന് സ്വർണ്ണപ്പല്ലുകൾ വയ്ക്കാൻ നിർദ്ദേശം നൽകിയെന്നുമാണ്. അക്കാലഘട്ടത്തിലും മകുടം (crown)ചാർത്താറുണ്ടായിരുന്നു.

ഉഹുദു യുദ്ധത്തിൽ അബൂസുഫിയാൻ മുസ്ലിമീങ്ങളോട്, നമുക്ക് അടുത്ത വർഷം ബദ്ർ മൈതാ നത്ത് വീണ്ടും കാണാം എന്നു പറഞ്ഞ് വെല്ലു വിളിച്ചിരുന്നു. ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവിധ ചരിത്രഗ്രന്ഥങ്ങളിൽനിന്നെടുത്ത് സീറത്തുഖാത്തമുന്നബിയീനിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ്:

ഉഹുദിനുശേഷം മൈതാനത്തുനിന്ന് മടങ്ങുമ്പോൾ അബൂസുഫിയാൻ അടുത്ത വർഷം ബദ്റിൽവച്ച് ഞങ്ങളും നിങ്ങളും തമ്മിൽ യുദ്ധമുണ്ടാകുന്നതായിരിക്കുമെന്ന് വെല്ലുവിളിച്ച് പറഞ്ഞിരുന്നു. ആ വെല്ലുവിളി സ്വീകരിച്ചതായി വിളംബരം ചെയ്യാൻ നബി(സ) പറഞ്ഞു. അങ്ങനെ അടുത്ത വർഷം ശവ്വാൽ മാസത്തിന്റെ അവസാനത്തിൽ നബി(സ)തിരുമേനി 1500 സ്വഹാബത്തിനോടൊപ്പം മദീനയിൽ നിന്ന് പുറപ്പെട്ടു. നബി(സ)തിരുമേനി തന്റെ പിന്നിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലിനെ അമീറായി നിശ്ചയിച്ചു. അവിടന്ന് സൈന്യവുമായി അവിടെനിന്ന് പുറപ്പെട്ടപ്പോൾ ഹദ്റത്ത് അബ്ദുല്ലായെ മദീനയുടെ അമീറായി നിശ്ചയിച്ചു. മറുഭാഗത്ത് അബൂസുഫിയാൻ ബിൻ ഹർബ് രണ്ടായിരം പേരടങ്ങുന്ന ഖുറയ്ശിപ്പടയുമായി മക്കയിൽനിന്ന് പുറപ്പെട്ടു. എന്നാൽ, ഉഹുദിലെ വിജയവും ഇത്ര വലിയ സംഘവും ഉണ്ടായിരുന്നിട്ടും അയാളുടെയുള്ളിൽ ഭയമായിരുന്നു. ഇസ്ലാമിനെ നശിപ്പിക്കാൻ പിന്നാലെ കൂടിയിട്ടും അയാൾ ആഗ്രഹിച്ചത് ഒരുപാടാളുകളെ സംഘടിപ്പിക്കുന്നതുവരെ മുസ്ലിമീങ്ങളുമായി ഏറ്റുമുട്ടൽ ഉണ്ടാകരുതെന്നായിരുന്നു. അങ്ങനെ അയാൾ മക്കയിൽത്തന്നെ ഉണ്ടായിരുന്നപ്പോൾ അറി

യപ്പെടാത്ത ഗോത്രവുമായി ബന്ധമുള്ള നഈം എന്നുപേരുള്ള ഒരാളെ മദീനയിലേക്ക് അയച്ചു. എങ്ങനെയാണെങ്കിലും വേണ്ടില്ല മുസ്‌ലിമീങ്ങളെ ഭയപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും സത്യം കളവും കൂട്ടിക്കലർത്തി കാര്യങ്ങൾ ചെയ്തും യുദ്ധത്തിന് പുറപ്പെടുന്നതിൽനിന്ന് മുസ്‌ലിമീങ്ങളെ തടയാൻ നിർദേശം നല്കി. അങ്ങനെ അയാൾ മദീനയിലെത്തി മുസ്‌ലിമീങ്ങളുടെ മുന്നിൽ ഖുറയ്ശികളുടെ ശക്തിയെയും അവരുടെ തയ്യാറെടുപ്പിനെയും കുറിച്ച് കള്ളകഥകൾ കേൾപ്പിച്ചു കൊണ്ട് അസ്വസ്ഥതയുണ്ടാക്കാൻ ശ്രമം നടത്തി. എത്രത്തോളമെന്നാൽ ചില ദുർബലരായ ആളുകൾ ആ യുദ്ധത്തിൽ പങ്കെടുക്കുന്നത് ഭയക്കാൻ തുടങ്ങി. എന്നാൽ, നബി(സ)തിരുമേനി പുറപ്പെടാൻ ആഹ്വാനം ചെയ്തു. നബി(സ)തിരുമേനി തന്റെ പ്രസംഗത്തിൽ പറഞ്ഞു: നമ്മൾ സത്യനിഷേധികളുടെ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് ഈ അവസരത്തിൽ പുറപ്പെടാൻ വാഗ്ദാനം ചെയ്തിരിക്കുന്നു. അതുകൊണ്ട് നമുക്കതിൽനിന്ന് പിന്മാറാൻ സാധിക്കുകയില്ല. അവർക്കെതിരിൽ പോകുന്നില്ലെങ്കിൽ എനിക്കു ഒറ്റയ്ക്കുപോകേണ്ടിവന്നാൽ നിങ്ങൾ ഭയക്കുകയാണെങ്കിൽ എനിക്ക് ഒറ്റയ്ക്കു പോകേണ്ടിവന്നാൽ ഞാൻ പോകുന്നതായിരിക്കും. അങ്ങനെ മുസ്‌ലിമീങ്ങൾക്ക് ആത്മധൈര്യം കൈവന്നു. അവർ നബി(സ)തിരുമേനിയോടൊപ്പം യുദ്ധത്തിന് പുറപ്പെടാൻ തയ്യാറായി.

അങ്ങനെ നബി(സ)തിരുമേനി 1500 സ്വഹാബത്തിനോടൊപ്പം മദീനയിൽ നിന്ന് പുറപ്പെട്ടു. മറുവശത്ത് അബൂ സുഫിയാൻ രണ്ടായിരം സൈനികരുമായി മക്കയിൽ നിന്ന് പുറപ്പെട്ടു. എന്നാൽ, ദൈവിക തീരുമാനമനുസരിച്ച മുസ്‌ലിമീങ്ങൾ വാഗ്ദാനപ്രകാരം ബദ്റിൽ എത്തിച്ചേർന്നു. എന്നാൽ, ഖുറയ്ശികൾ അല്പദൂരം ചെന്ന് മക്കയിലേക്കുതന്നെ തിരിച്ചു പോയി. ഇസ്‌ലാമിക സൈന്യം എട്ടു ദിവസം ബദ്റിൽ തങ്ങി. പക്ഷേ, ഖുറയ്ശികൾ വരാതിരുന്നതിനാൽ നബി(സ)തിരുമേനി മദീനയിലേക്കുതന്നെ തിരിച്ചുവന്നു. ഈ യുദ്ധം 'ബദ്റുൽ മൗഅദ്' എന്നറിയപ്പെടുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ് പേജ് 529-530)

ഹദ്റത്ത് അബ്ദുല്ലാഹ് ഹിജ്രി 12ന് ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തു കാലത്ത് യമാമ യുദ്ധത്തിൽ ശഹീദായി. (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ് ഭാഗം 3, പേജ് 72, അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് അൻസ്വാരി, ദാറുൽകുതബുൽ ഇൽമിയ്യ ബേറൂത്ത് 2010)

ഹദ്റത്ത് ഉസാമാ ബിൻ സയ്ദ്(റ) നിവേദനം: നബി(സ)തിരുമേനി ഒരിക്കൽ ഫദക്കിൽ നെയ്തുണ്ടാക്കിയ ഒരു പുതപ്പ് വിരിച്ച് കഴുതപ്പുറത്തുകയറി യാത്ര പുറപ്പെട്ടു. ഉസാമ പിന്നിലിരുന്നു. ഖസ്റജ് ഗോത്രത്തിൽപ്പെട്ട ബനൂഹാരിഥ് കുടുംബത്തിലെ സഅ്ദ് ബിൻ ഉബാദയെ സന്ദർശിക്കുകയായിരുന്നു ഉദ്ദേശ്യം. ഈ സംഭവം ബദ്ർ യുദ്ധത്തിനുമുമ്പേയായിരുന്നു. അങ്ങനെ നബി(സ)തിരുമേനി അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഇരിക്കുന്ന ഒരു സദസ്സിന്റെ മുന്നിലൂടെ നടന്നു പോയി. അന്ന് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. മുസ്‌ലിമീങ്ങളും മുശ്‌രിക്കുകളും വിഗ്രഹാരാധകന്മാരും ജൂത–ക്രിസ്ത്യാനികളും എല്ലാം ഉൾക്കൊള്ളുന്ന ഒരു സമ്മിശ്ര സദസ്സായിരുന്നു അത്. നബി(സ) തിരുമേനിയുടെ ഒട്ടകത്തിന്റെ കുളമ്പുകൾ ഇളക്കിവിട്ട പൊടിപടലം സദസ്സിലേക്ക് പാറിച്ചെന്നപ്പോൾ ഇബ്നു ഉബയ്യ് തട്ടംകൊണ്ടു മൂക്കിപ്പൊത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു: 'ഞങ്ങളുടെ നേരെ പൊടി പടലങ്ങളിറക്കി വിടാതിരിക്കുക.' സദസ്സിന് അടുത്തെത്തിയപ്പോൾ നബി(സ)തിരുമേനി സലാം ചൊല്ലി. വാഹനത്തെനിറുത്തി ഇറങ്ങി. ശേഷം അവരെ അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിച്ചുകൊണ്ട് ഖുർആൻ ഓതിക്കേൾപ്പിച്ചു. അപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറഞ്ഞു:'അല്ലയോ മനുഷ്യാ!നീ പറയുന്നത് സത്യമാണെങ്കിൽ അതിനെക്കാൾ ഉത്തമമായ മറ്റൊന്ന് ഇല്ല തന്നെ. പക്ഷേ, അതുകൊണ്ട് ഞങ്ങളുടെ സദസ്സുകളിൽ വന്ന് ഉപദ്രവിക്കരുത്. നിങ്ങൾ സ്വകേന്ദ്രത്തിലേക്ക് തിരിച്ചു പോകുക. അവിടെ വല്ലവരും വരുന്നപക്ഷം അവർക്കു നീ വിവരിച്ചുകൊടുക്കുക.' അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ പറഞ്ഞു: 'യാ റസൂലല്ലാഹ് ! താങ്കൾ ഞങ്ങളുടെ സദസ്സിൽ വന്ന് ഓതിക്കേൾപ്പിച്ചാലും. ഞങ്ങൾക്കതിഷ്ടമാണ്. അപ്പോൾ മുസ്‌ലിമീങ്ങളും മുശ്‌രിക്കുകളും യഹൂദികളും പരസ്പരം ശകാരിക്കാൻ തുടങ്ങി. ശകാരം യുദ്ധത്തിന്റെ വക്കോളമെത്തി. എന്നാൽ, നബി(സ)തിരുമേനി അവരെ സമാധാനിപ്പിച്ചു കൊണ്ടിരുന്നു. അവർ ശാന്തരായ ശേഷം നബി(സ)തിരുമേനി വാഹനത്തിലേറി സഅ്ദ് ബിൻ ഉബാദയുടെ അടുക്കലേക്ക് പോയി. അദ്ദേഹത്തിന്റെ അടുക്കൽ പ്രവേശിച്ചിട്ട് നബി(സ)തിരുമേനി പറഞ്ഞു: സഅദേ! അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറഞ്ഞത് താങ്കൾ കേട്ടില്ലേ? അവൻ ഇന്നിന്നതെല്ലാം പറഞ്ഞു. സഅ്ദ് പറഞ്ഞു: 'അവനോടു മാപ്പും വിട്ടുവീഴ്ചയും കാണിച്ചാലും. അങ്ങേയ്ക്ക് ഗ്രന്ഥം അവതരിപ്പിച്ചുതന്ന അല്ലാഹു സത്യം! അല്ലാഹു താങ്കൾക്ക് അവതരിപ്പിച്ചുതന്ന സത്യം ഞങ്ങൾക്ക് അവൻ എത്തിച്ചുതന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ കഥ പറയുകയാണെങ്കിൽ ഈ പ്രദേശത്തുകാർ ആ മനുഷ്യനെ കിരീടമണിയിച്ചു രാജാവാക്കുവാൻ തീരുമാനിച്ചതായിരുന്നു. അല്ലാഹു താങ്കൾക്ക് അവതരിപ്പിച്ച സത്യം കാരണം അതിനു സാധിച്ചില്ല. അതിനാൽ അവൻ കുപിതനായി. അക്കാരണത്താലാണ് താങ്കളോടു ഇങ്ങനെയെല്ലാം പ്രവർത്തിച്ചതും.' അപ്പോൾ നബി(സ)തിരുമേനി അവന് മാപ്പു നല്കി. നബിയും അനുചരന്മാരും അല്ലാഹു അവരോടു കല്പിച്ച പ്രകാരം മുശ്‌രിക്കുകൾക്കും വേദക്കാർക്കും മാപ്പു നല്കുക പതിവായിരുന്നു. മർദനങ്ങൾ ക്ഷമിക്കുകയും ചെയ്തിരുന്നു. അവസാനം അല്ലാഹു മുസ്‌ലിമീങ്ങൾക്ക് അവർക്കെതിരിൽ യുദ്ധാനുമതി നല്കി. നബി(സ)തിരുമേനി ബദ്ർയുദ്ധം നടത്തിയപ്പോൾ ഖുറയ്ശി നേതാക്കന്മാരെ ആ യുദ്ധത്തിൽ അല്ലാഹു വധിച്ചു കളഞ്ഞു. ആഘട്ടത്തിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യും അവനോടൊപ്പമുള്ള മുശ്‌രിക്കുകളും വിഗ്രഹാരാധകന്മാരും പറഞ്ഞു:'ഈ പ്രസ്ഥാനം ഏതാണ്ട് വിജയിച്ചു കഴിഞ്ഞു.'അതിനെ തുടർന്ന് അവർ ഇസ്‌ലാം സ്വീകരിക്കുകയും ഇസ്‌ലാമിൽ ജീവിച്ചുകൊള്ളാമെന്ന് നബി(സ)തിരുമേനിക്ക് ബയ്അത്ത് പ്രതിജ്ഞ നല്കുകയും ചെയ്തു.'(സ്വഹീഹ് ബുഖാരി കിതാബുത്തഫ്സീർ, ഹദീഥ് 4566)

ഇസ്‌ലാമും അവരുടേത് ഇങ്ങനെയുള്ളതായിരുന്നു. ബദ്ർ യുദ്ധം വിജയിച്ചുവെന്ന് കണ്ടപ്പോൾ ഭയമുണ്ടാകുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

എന്തായാലും ഈ നിവേദനങ്ങൾ ഞാൻ പറഞ്ഞതുപോലെ അവയ്ക്ക് നേരിട്ട് ബന്ധമൊന്നുമില്ലെങ്കിലും വിവരിച്ചുതരികയാണ്; ചരിത്രവും അറിയുന്നതിനുവേണ്ടി. പിന്നീട് ആ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ പങ്കിന്റെ വിശദീകരണം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിച്ചിരിക്കുന്നു.

ഉഹുദു യുദ്ധത്തിന്റെ അവസരത്തിൽ നബി(സ) തിരുമേനി മുസ്‌ലിമീങ്ങളെ വിളിച്ചുകൂട്ടി അവരുടെ, ഖുറയ്ശികളുടെ ഈ ആക്രമണത്തെ സംബന്ധിച്ച് അഭിപ്രായമാരാഞ്ഞു; മദീനയിൽ നിന്ന് പോരാടണോ വെളിയിൽപോയി നേരിടണോ? ഈ കൂടിയാലോചനാ വേളയിൽ അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലും പങ്കെടുത്തിരുന്നു. വാസ്തവത്തിൽ അയാൾ കപടവിശ്വാസിയായിരുന്നു. എന്നാൽ, ബദ്ർ യുദ്ധത്തിനുശേഷം ബാഹ്യമായി മുസ്‌ലിമായി കഴിഞ്ഞിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തെ കൂടിയാലോചനക്ക് ക്ഷണിച്ച ആദ്യ അവസരമായിരുന്നു അത്. കൂടിയാലോചനയ്ക്കു മുമ്പേ, നബി(സ) തിരുമേനി ഖുറയ്ശികളുടെ ആക്രമണത്തെക്കുറിച്ചും അവരുടെ രക്തപങ്കിലമായ തീരുമാനങ്ങളെ കുറിച്ചും പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: ഇന്നുരാത്രി ഞാനൊരു പശുവിനെ സ്വപ്നം കണ്ടു; എന്റെ വാളിന്റെ മുന ഒടിയുന്നതായും. പിന്നീട് ഞാൻ കണ്ടു ആ പശു ബലിയറുക്കപ്പെടുന്നു. ഞാനെന്റെ കൈ ഒരു ഉറപ്പുള്ള അങ്കിയുടെ ഉള്ളിൽ ഇടുന്നതായും കണ്ടു. ഒരു നിവേദനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. അവിടന്ന് പറഞ്ഞു: ഞാൻ കണ്ടു. ഒരു ചെമ്മരിയാട്, അതിന്മേൽ ഞാൻ യാത്ര ചെയ്യുകയാണ്. സ്വഹാബത്ത് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഈ സ്വപ്നത്തിന് എന്തു വ്യാഖ്യാനമാണ് നല്കുന്നത്? നബി(സ) തിരുമേനി പറഞ്ഞു:പശുവിനെ അറുക്കുന്നത് ഞാൻ കണ്ടു. ഞാൻ മനസ്സിലാക്കുന്നത് എന്റെ സ്വഹാബിമാരിൽ ചിലർ ശഹീദാകുമെന്നാണ്. എന്റെ വാളിന്റെ മുന ഒടിയുന്നതിന്റെ ഉദ്ദേശ്യം എന്റെ ബന്ധുക്കളിൽപ്പെട്ട ആരെങ്കിലും ശഹീദാകുമെന്ന് മനസ്സിലാക്കുന്നു. അല്ലെങ്കിൽ എനിക്കുതന്നെയും എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായേക്കാം. അങ്കിയുടെ ഉള്ളിൽ കൈയിടുന്നതിന്റെ ഉദ്ദേശ്യം ഞാൻ മനസ്സിലാക്കുന്നത് ഈ പോരാട്ടത്തെ മദീനയുടെ ഉള്ളിൽനിന്ന് ചെറുക്കുന്നതാണ് ഉത്തമമെന്നാണ്. കാട്ടാടിന്റെമേൽ യാത്ര ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഇതുമുഖേന സത്യനിഷേധികളുടെ സൈന്യാധിപൻ അതായത്

## ഹദീഥുന്നബ്‌വി (സ):

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.'*
*(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ധ്വജവാഹകൻ, പതാക കൈയിലെടുത്ത വൻ ഇൻശാഅല്ലാഹ് മുസ്‌ലീമീങ്ങളുടെ കൈയാൽ വധിക്കപ്പെടുമെന്നാണ്.

അതിനുശേഷം അവിടന്ന് സ്വഹാബാക്കളുമായി കൂടിയാലോചിച്ചു. ഈ പരിതഃസ്ഥിതിയിൽ എന്താണ് ചെയ്യേണ്ടത്? മദീനയിൽത്തന്നെ നിന്നു കൊണ്ട് യുദ്ധം ചെയ്യുന്നതായിരിക്കും ഉചിതമെന്ന് ചില മുതിർന്ന സ്വഹാബികൾ അഭിപ്രായപ്പെട്ടു. ഈ അഭിപ്രായമാണ് കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലും നല്കിയത്. നബി(സ) തിരുമേനിക്ക് ആ അഭിപ്രായം ഇഷ്ടമായി. അവിടന്ന് പറഞ്ഞു, മദീനക്കകത്തുതന്നെ നിന്നുകൊണ്ട് യുദ്ധം ചെയ്യുന്ന തായിരിക്കും ഉത്തമമെന്നു മനസ്സിലാകുന്നു. എന്നാൽ, ഭൂരിഭാഗം സ്വഹാബികളും പ്രത്യേകിച്ച് ബദ്റിൽ പങ്കെ ടുക്കാത്ത യുവാക്കൾ വളരെ ശക്തമായി അഭിപ്രായപ്പെട്ടത് നഗരത്തിൽനിന്ന് മാറി, തുറന്ന മൈതാനത്ത് ഏറ്റുമുട്ടാമെന്നായിരുന്നു. അവർ തങ്ങളുടെ ശഹാദത്തുകൊണ്ട് ദീനിന് സേവനംചെയ്യാനുള്ള അവസരം കൈവരിക്കാൻ ആഗ്രഹിച്ചിരുന്നു. അവർ എത്രമാത്രം ശക്തമായി ആവശ്യപ്പെട്ടുവെന്നാൽ അവരുടെ ആവേശം കണ്ടുകൊണ്ട് അവരുടെ അഭിപ്രായം അംഗീകരിക്കപ്പെട്ടു. തുറന്ന മൈതാനത്ത് വച്ചു സത്യനിഷേധികളുമായി യുദ്ധം ചെയ്യാമെന്നു നബി(സ)തിരുമേനി തീരുമാനിച്ചു. ജുമുഅ നമസ്കാരത്തിനുശേഷം അവിടന്ന് പൊതുവായി മുസ്‌ലമീങ്ങളിൽ അല്ലാഹുവിന്റെ വഴിയിൽ യുദ്ധം ചെയ്യുക എന്നുദ്ദേശ്യത്തോടെ ഈ യുദ്ധത്തിൽ പങ്കെടുത്ത് പുണ്യം കരസ്ഥമാക്കുക എന്ന് ആഹ്വാനം ചെയ്തു.

അതിനു ശേഷം നബി(സ)തിരുമേനി അകത്തേക്കു പോയി. വീട്ടിൽപ്പോയി. അവിടെ ഹദ്റത്ത് അബൂക്കറിന്റേയും ഹദ്റത്ത് ഉമറിന്റേയും സഹായത്താൽ തലപ്പാവു ധരിച്ച് ആയുധങ്ങളെടുത്ത് അല്ലാഹുവിന്റെ നാമം ചൊല്ലിക്കൊണ്ട് പുറത്തുവന്നു. ഇത്തരുണത്തിൽ ഔസ് ഗോത്രത്തിന്റെ നേതാവായിരുന്ന ഹദ്റത്ത് സയ്ദു ബിൻ മുആദും മറ്റു മുതിർന്ന സ്വഹാബത്തും ബോധവൽക്കരിച്ചതിന്റെ ഫലമായി യുവാക്കൾക്ക് തങ്ങളുടെ തെറ്റ് മനസ്സിലായി. നബി(സ)തിരുമേനിയുടെ അഭിപ്രായത്തിനെതിരെ സ്വന്തം അഭിപ്രായം പറയരുതായിരുന്നു എന്നാണ് അവർ പറഞ്ഞത്.

നബി(സ)തിരുമേനി ആയുധം ധരിച്ചതും പടച്ചട്ട അണിഞ്ഞ് വരുന്നതും കണ്ടപ്പോൾ അവർക്ക് കൂടുതൽ നാണക്കേടായി. കൂടുതൽ പ്രയാസത്തിലായി. അവർ ഏകദേശം ഒരൊറ്റ സ്വരത്തിൽ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങൾക്കു തെറ്റു പറ്റിപ്പോയി. ഞങ്ങൾ താങ്കളുടെ അഭിപ്രായത്തിനെതിരെ സ്വന്തം അഭിപ്രായം പറഞ്ഞു. അതിനാൽ താങ്കൾക്ക് ഉചിതമായി തോന്നുന്നതെന്താണോ അതനുസരിച്ചു പ്രവർത്തിച്ചു കൊള്ളുക. ഇൻശാ അല്ലാഹ് അതിലായിരിക്കും ബർക്കത്ത്.' നബി(സ)പറഞ്ഞു: 'ഒരിക്കൽ ആയുധം ധരിച്ചു കഴിഞ്ഞാൽ പിന്നെ ദൈവകല്പനയില്ലാതെ അതഴിച്ചു വയ്ക്കുക എന്നത് അല്ലാഹുവിന്റെ പ്രവാചകന്റെ അന്തസ്സിനു ചേർന്നതല്ല. അതുകൊണ്ട് ഇപ്പോൾ അല്ലാഹുവിന്റെ നാമത്തിൽ പുറപ്പെടുക. നിങ്ങൾ സഹനം കൈക്കൊള്ളുകയാണെങ്കിൽ അല്ലാഹുവിന്റെ സഹായം നിങ്ങളോടോപ്പമുണ്ടാകുമെന്ന് ഉറച്ചു വിശ്വസിക്കുക.'

അതിനുശേഷം നബി(സ)തിരുമേനി ഇസ്‌ലാമിക സൈന്യത്തിനുവേണ്ടി മൂന്നു പതാക തയ്യാറാക്കി. ഔസ് ഗോത്രത്തിന്റെ പതാക ഉസയ്ദ് ബിൻ ഹുളയ്റിനെ ഏല്പിച്ചു. ഖസ്റജിന്റെ പതാക ഹബ്ബാബ് ബിൻ മുൻദിറിനെയാണ് ഏല്പിച്ചത്. മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് അലിക്കും കൊടുത്തു. പിന്നീട് മദീനയിൽ അബ്ദുല്ലാഹ് ബിൻ ഉമ്മു മക്തൂമിനെ ഇമാമുസ്സലാത്തായി നിയമിച്ചുകൊണ്ട് സ്വഹാബത്തിന്റെ വലിയ സംഘത്തോടൊപ്പം അസ്ർ നമസ്കാരത്തിനുശേഷം മദീനയിൽനിന്ന് പുറപ്പെട്ടു. ഔസ് –ഖസ്റജ് ഗോത്രങ്ങളുടെ നേതാക്കന്മാരായ സഅ്ദ് ബിൻ മുആദും സഅ്ദ് ബിൻ ഉബാദയും അവിടത്തെ യാത്രാവാഹനത്തിന്റെ മുമ്പിൽ മെല്ലെ മെല്ലെ ഓടിക്കൊണ്ടിരുന്നു. ബാക്കി സ്വഹാബത്ത് അവിടത്തെ വലത്തും ഇടത്തും പിന്നിലുമായി നടക്കുന്നുണ്ടായിരുന്നു. ഉഹുദ് മല മദീനയുടെ വടക്കുഭാഗത്ത് ഏകദേശം മൂന്നു മൈൽ ദൂരത്താണുള്ളത്. അതിന്റെ പകുതി എത്തിയിട്ട്, പകുതി യാത്രചെയ്ത് മദീനയ്ക്കടുത്തുള്ള 'ശേയ്ഖയ്ൻ' എന്ന സ്ഥലത്ത് നിലകൊള്ളുകയും ഇസ്‌ലാമിക സൈന്യത്തെ വിലയിരുത്തിയതിനുശേഷം മുന്നോട്ടുപോകാൻ കല്പിക്കുകയുംചെയ്തു. പ്രായം കുറഞ്ഞ കുട്ടികൾ ജിഹാദിന്റെ താല്പര്യംകൊണ്ട് കൂടെ വന്നിരുന്നു. അവരെ തിരിച്ചയച്ചു. അങ്ങനെ അബ്ദുല്ലാഹ് ബിൻ ഉമർ, ഉസാമ ബിൻ സയ്ദ്, അബൂസയീദ് ഖുദ്‌രി തുടങ്ങയവരെല്ലാം മടക്കി അയക്കപ്പെട്ടവരിൽ പെടുന്നു. റാഫിഅ് ബിൻ ഖുദയ്ജ് ആ കുട്ടികളുടെ സമപ്രായക്കാരനായിരുന്നു. എന്നാൽ, അമ്പെയ്ത്തിൽ നല്ലകഴിവ് നേടിയിരുന്നു. അദ്ദേഹത്തിന്റെ ആ ഗുണം കാരണത്താൽ അദ്ദേഹത്തിന്റെ പിതാവ് നബി(സ)തിരുമേനിയുടെ സന്നിധിയിൽ അവനുവേണ്ടി ശിപാർശ ചെയ്തു; അവനും ജിഹാദിൽ പങ്കെടുക്കുന്നതിന് അനുവാദം നല്കാൻ. നബി(സ)തിരുമേനി റാഫിഅ്നെ ദൃഷ്ടി ഉയർത്തി നോക്കി. അപ്പോൾ അവൻ പട്ടാളക്കാരെപ്പോലെ നെഞ്ചു വിരിച്ചുനിന്നു. അങ്ങനെ അവന്റെ ഈ അടവ് ഫലിച്ചു. നബി(സ)തിരുമേനി അവനും ഒപ്പം വരാൻ അനുവാദം നല്കി. അതുകണ്ട് തിരിച്ചു പോകാൻ കല്പന നല്കപ്പെട്ട മറ്റൊരു കുട്ടി സംറ ബിൻ ജുൻദബ് തന്റെ പിതാവിന്റെ അടുക്കൽപോയി റാഫിഅ്ന് അനുവാദം കിട്ടിയെങ്കിൽ തനിക്കും കിട്ടേണ്ടതാണെന്ന് പറഞ്ഞു. കാരണം താൻ റാഫിഅ്നെക്കാൾ ശക്തനാണ്. ഗുസ്തിയിൽ അവനെ വീഴ്ത്താൻ എനിക്കു കഴിയും. പിതാവിന് മകന്റെ ഈ ആത്മാർഥതയിൽ സന്തോഷമുണ്ടായി. അവനേയും കൊണ്ട് നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. തന്റെ മകന്റെ ആഗ്രഹം വിവരിച്ചു. നബി(സ) തിരുമേനി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: അങ്ങനെയാണ് കാര്യമെങ്കിൽ റാഫിഅ്നേയും സംറയായും തമ്മിൽ ഗുസ്തി പിടിപ്പിക്കുക; ആർക്കാണ് ശക്തി കൂടുതലെന്ന് അറിയാമല്ലോ. അങ്ങനെ മത്സരം നടന്നു. വാസ്തവത്തിൽ സംറ അല്പ സമയത്തിനുള്ളിൽത്തന്നെ റാഫിഅ്നെ മലർത്തിയടിച്ചു. അപ്പോൾ നബി(സ)തിരുമേനി സംറയ്ക്കും ഒപ്പം വരാൻ അനുവാദം നല്കി. ആ നിഷ്കളങ്കനായ കുട്ടിയുടെ മനസ്സ് സന്തോഷിച്ചു. ഇപ്പോൾ വൈകുന്നേരമായി കഴിഞ്ഞിരുന്നു. അതുകൊണ്ട് ബിലാൽ(റ) ബാങ്കു കൊടുത്തു. സ്വഹാബ നബി(സ)തിരുമേനിയുടെ നേതൃത്വത്തിൽ നമസ്കരിച്ചു. പിന്നെ രാത്രിയിൽ മുസ്‌ലിമീങ്ങൾക്കുവേണ്ടി ഇവിടെത്തന്നെ താവളമടിച്ചു. നബി(സ)തിരുമേനി രാത്രിയിലെ കാവലിനുവേണ്ടി മുഹമ്മദ് ബിൻ മസ്‌ലമയെ സെക്രട്ടറിയായി നിശ്ചയിച്ചു. അദ്ദേഹം 50 സ്വഹാബത്തിന്റെ സംഘത്തോടൊപ്പം രാത്രി മുഴുവൻ ഇസ്‌ലാമിക സൈന്യത്തിന്റെ ചുറ്റും കാവൽ നല്കിക്കൊണ്ടിരുന്നു.

അടുത്ത ദിവസം ശവ്വാൽ 15, ഹിജ്‌രി 3ന്, ക്രിസ്ത്വാബ്ദം 624 ശനിയാഴ്ച ഇടയത്താഴ നേരത്ത് ഈ ഇസ്‌ലാമിക സൈന്യം മുന്നോട്ടു നീങ്ങി പ്രഭാതമായതോടെ ഉഹുദ് താഴ്വരയിലെത്തി. ഈ അവസരത്തിൽ കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സൂലൂൽ വിശ്വാസ വഞ്ചന കാണിക്കുകയും തന്റെ മുന്നൂറ് കൂട്ടാളികളോടൊപ്പം മുസ്‌ലിമീങ്ങളുടെ സൈന്യത്തിൽ നിന്ന് പിന്മാറി, 'മുഹമ്മദ്(സ)തന്റെ വാക്ക് കേൾക്കാതെ പരിചയമില്ലാത്ത യുവാക്കളുടെ വാക്കുകൾ കേട്ട് പുറത്തേക്കിറങ്ങിയിരിക്കുകയാണ്, അതുകൊണ്ട് അദ്ദേഹത്തോടൊപ്പം പോയി യുദ്ധം ചെയ്യാൻ തനിക്കാവില്ല. എന്നു പറഞ്ഞുകൊണ്ട് മദീനയിലേക്ക് മടങ്ങി. ചിലയാളുകൾ സ്വയം അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചുവെങ്കിലും അയാൾ കേട്ടില്ല. ഇതൊരു യുദ്ധമാണോ, യുദ്ധമാണെങ്കിൽ താൻ പങ്കെടുക്കുമായിരുന്നു, ഇതു യുദ്ധമല്ല, മറിച്ച് സ്വയം നാശത്തിൽ കൊണ്ടുപോയി ഇടലാണ്' എന്ന് പറഞ്ഞുകൊണ്ടിരുന്നു. ഇപ്പോൾ മുസ്‌ലിമീങ്ങളുടെ അംഗബലം കേവലം 700 പേർ ആയിരുന്നു. അത് സത്യനിഷേധികളുടെ 3000 ന്റെ നാലിലൊന്ന് ഭാഗംപോലും വരുമായിരുന്നില്ല.(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 484–487)(മുഅ്ജമുൽ ബുൽദാൻ വാല്യം 3, പേജ് 168, 'ശെയ്ഖാൻ' എന്ന പദം) ഇതു സംബന്ധമായി ഇനിയും വിവരിക്കാനുണ്ട്. അത് ഇൻശാ അല്ലാഹ് അടുത്ത ഖുത്ബയിൽ വിവരിക്കുന്നതായിരിക്കും.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,
'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,
അടുത്തില, പഴയങ്ങാടി,
കണ്ണൂർ 670 303.
ismayeel.ha@gmail.com

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും
മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,
നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും
അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും
നിത്യവും ഖുർആൻ പാരായണം ചെയ്യാൻ
അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

**വിവർത്തനം:അമീൻ മുഹമ്മദ് മാത്ര**

*(ബയ്ത്തുസ്സമദ് മസ്ജിദിന്റെ ഉൽഘാടപ്രഭാഷണത്തെ തുടർന്ന് അതിഥികളുടെ പ്രതികരണങ്ങൾ. തുടർച്ച....)*

**2018 ഒക്ടോബർ 20, ശനിയാഴ്ച.**

❋ ബാൾട്ടിമോർ കൗണ്ടിയിലെ പോലീസ് ഡിപ്പാർട്ട്മെന്റിൽനിന്ന് വന്ന ക്രൈസ് കേയിൽ (Chris Keyil) തന്റെ അനുഭവങ്ങൾ വിവരിക്കുന്നു:

ഇന്നത്തെ പ്രോഗ്രാം വളരെ ഗംഭീരമായിരുന്നു. 2015 മുതൽ എനിക്ക് ഈ ജമാഅത്തിനെ കാണാൻ കഴിയുന്നുണ്ട്. ഇവർ നിരന്തരമായി സ്നേഹവും പ്രീതിയും സമാധാനവും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നാദ്യമായി നിങ്ങളുടെ ഇമാമിൽനിന്ന് ഇതേ കാര്യം കേൾക്കാൻ ഇടയായി. ഈ സന്ദേശത്തിന്റെ ഉറവിടം എവിടെ നിന്നാണെന്ന് എനിക്ക് ഊഹിക്കാൻ കഴിയുന്നുണ്ട്. നിങ്ങളുടെ ഇമാമിന്റെ മഹത്തായ വ്യക്തിത്വത്തിൽനിന്ന് ഈ സൽഗുണങ്ങൾ പുറപ്പെടുന്നു. പിന്നീട് എല്ലാ സ്ഥലങ്ങളിലും താഴെ തട്ടിലുള്ള ഓരോ അഹ്മദിയിലേക്കും അത് കടന്നു ചെല്ലുന്നു. ശേഷം ഓരോരുത്തരും അത് പ്രവർത്തിപഥത്തിൽ കൊണ്ടു വരുന്നു. അങ്ങയുടെ ഇവിടേക്കുള്ള വരവ് വളരെ ഫലദായകമാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇവിടുത്തെ സാഹചര്യം കുറച്ച് മോശമാണ്. ശാന്തി സ്ഥാപിക്കാൻ ചുമതലയുള്ള സ്ഥാപനങ്ങൾക്ക് ചില സമുദായങ്ങളിൽനിന്ന് വെല്ലുവിളികളുണ്ട്. ഇത്ര വലിയ വ്യക്തിത്വം ഇവിടെ വന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എല്ലാവർക്കും ശാന്തി സന്ദേശമാണ് അദ്ദേഹം നല്കിയത്. ചേർന്ന് പ്രവർത്തിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഹുദൂറിന്റെ വ്യക്തിത്വത്തിന്റെ സവിശേഷത വിനയവും താഴ്മയുമാണ്.

❋ ഒരതിഥി തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: 'ഈ പരിപാടിക്കു മുമ്പേയും എനിക്ക് ഹുദൂറിനെ കാണാൻ അവസരം ലഭിച്ചിട്ടുണ്ട്. ഹുദൂറിന്റെ പ്രകൃതിയിൽ വിനയം ദർശിക്കാൻ എനിക്ക് സാധിച്ചു. ഹുദൂർ കടന്നു വന്നതും, അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഗരിമയും മാന്യതയും നിഴലിക്കുന്നുണ്ടെന്ന് എനിക്ക് തോന്നി. എല്ലാ ഓരോരുത്തരുടേയും വാക്കുകൾ ശ്രവിക്കാൻ ഹുദൂർ സന്നദ്ധനാണ്. മനുഷ്യകുലത്തോടുള്ള യഥാർഥ വേദന അദ്ദേഹത്തിലുള്ളതായി കാണുമ്പോൾ മനസ്സിലാകുന്നു.'

❋ ഒരു വനിത സാഹിബ പറയുന്നു: 'ഞാൻ ഹുദൂറിന്റെ അടുത്തല്ല ഇരുന്നിരുന്നത്. സ്ക്രീനിൽ ആദ്യമായി ഹുദൂറിനെ കണ്ടു. അദ്ദേഹത്തെ കണ്ടപ്പോൾത്തന്നെ അല്ലാഹുവിന്റെ പ്രകാശം മുഖത്തു നിന്ന് നിർഗളിക്കുന്നതായി എനിക്ക് തോന്നിയിരുന്നു. വളരെയധികം പേർ ഇതേ വിലയിരുത്തൽ നടത്തുന്നതായി ഞാൻ കണ്ടിട്ടുണ്ട്. ഞാനതിന് സ്വയം സാക്ഷിയാണ്. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ദൈവിക പ്രകാശം ഇറങ്ങുന്നതായി തോന്നിയിരുന്നു.'

❋ ബാൾട്ടിമോർ കൗണ്ടിയിലെ സർജന്റ് മിസ്റ്റർ ചുക് ഹാർട്ട് (Mr.Chuck Hart)തന്റെ വികാരങ്ങൾ ഇങ്ങനെ പങ്കു വെച്ചു:'അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുടെ പ്രഭാഷണം തികച്ചും പ്രാമാണികവും ശക്തിമത്തുമായിരുന്നു. അതിൽ അദ്ദേഹം ഐക്യം, സമൂഹത്തിൽ ശാന്തി സ്ഥാപിക്കൽ, മുസ്‌ലിമീങ്ങളുടെ മസ്ജിദിന്റെ ലക്ഷ്യങ്ങൾ എന്നീ വിഷയങ്ങളെ അധികരിച്ചാണ് സംസാരിച്ചത്. മുസ്‌ലിമീങ്ങളെ സംബന്ധിച്ച് ഇന്ന് സമൂഹത്തിൽ പരത്തപ്പെട്ടിട്ടുള്ള വിമർശനങ്ങൾക്കും തെറ്റുധാരണകൾക്കും ഹുദൂർ അതിൽ മറുപടിയും നല്കി. ഹുദൂറിന്റെ പ്രഭാഷണത്തിൽ നിന്ന് എനിക്ക് വിലയിരുത്താൻ കഴിഞ്ഞ ഒരു കാര്യം അറിവ് തന്നെയാണ് യഥാർഥ ശക്തി, ഇതു മുഖേന അജ്ഞത ദൂരപ്പെടുന്നു എന്നാണ്.'

❋ മിസ്. മാരി മാറൂക്കി (Ms.Marie Marucci) തന്റെ വികാരങ്ങൾ ഇങ്ങനെ വിവരിച്ചു: 'ഞാൻ താങ്കളുടെ ജമാത്തിലെ വിദ്യാഭ്യാസ വകുപ്പിനു വേണ്ടിയുള്ള അവാർഡ് ഷീൽഡുകൾ തയ്യാറാക്കുന്ന വ്യക്തിയാണ്. അതുകൊണ്ട് എനിക്ക് മുമ്പേതന്നെ ജമാഅത്തിനെ കുറിച്ച് പരിചയമുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ എം.ടി.എയിലൂടെ കണ്ടിട്ടുണ്ട്. എന്നാലിന്ന് ആദ്യമായി നേരിട്ട് കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. തന്റെ പ്രഭാഷണം മുഖേന ഹുദൂർ എന്തൊരു സന്ദേശമാണോ നമ്മിലേക്കെത്തിച്ചത് അത് അങ്ങേയറ്റം സുന്ദരവും ഈ കാലഘട്ടത്തിന് അനുസരിച്ചുള്ളതുമാണ്.'

❋ സർക്കാർ ഐ. ടി. കോൺട്രാക്ടർ മിസ്റ്റർ റസ് എഡ്വേർഡ്സ് (Mr.Russ Edwards(Government I.T.Contractor) പറയുന്നു: 'ഇന്നാദ്യമായി എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞു. നിങ്ങളുടെ ഖലീഫയുടെ സന്ദേശം വളരെ ഇഷ്ടമായി. അദ്ദേഹം പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന മസ്ജിദ് സമാധാനത്തിന്റെ ഗേഹമായിരിക്കുമെന്ന് അമുസ്‌ലിമീങ്ങൾക്ക് ഉറപ്പു നല്കുന്നു.'

❋ മിസ്.ഗ്രേസ് ബയേർലി(Ms.Grace Byerly) പറയുന്നു: 'ഞാനൊരു റിട്ടയേർഡ് പ്രൊഫസറാണ്. മൂന്ന് വർഷം യഹൂദ, മുസ്‌ലിം വ്യക്തികളോടൊപ്പം ജോലി ചെയ്തിട്ടുണ്ട്. ഇന്ന് ഖലീഫയെ കാണുകയും പ്രഭാഷണം ശ്രവിക്കുകയും ചെയ്തപ്പോൾ കത്തോലിക്ക സമൂഹത്തിന്റെ മത നേതാവ് പോപ്പ് ഞങ്ങളോട് സംസാരിക്കുന്നതു പോലെയാണ് തോന്നിയത്. ഖലീഫയുടെ പ്രഭാഷണം അന്ധകാരത്തെ തുടച്ചുനീക്കുന്നതു പോലെയാണ് തോന്നിയത്. ജനം ഖലീഫയുടെ പ്രസംഗം ശ്രവിക്കുമെന്നും അജ്ഞതയെ ഉപേക്ഷിച്ചുകൊണ്ട് പ്രകാശത്തിന്റെ ഈ പുതുയുഗത്തിൽ പ്രവേശിക്കുമെന്നും ഞാൻ ശുഭ പ്രതീക്ഷ വെക്കുന്നു.'

❋ ഒരു നേഴ്സ് (Nurse)Ms.Ann Hp തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിച്ചു: 'ഖലീഫയുടെ പ്രഭാഷണം കേൾക്കുന്നതിനു മുമ്പേ ഞാൻ ഇന്റർനെറ്റിലൂടെ അദ്ദേഹത്തിന്റെ പ്രൊഫൈൽ വായിച്ചിരുന്നു. ഖലീഫയുടെ വ്യക്തിത്വത്തെപ്പറ്റി ഞാൻ വായിച്ചിരുന്നതു പോലെതന്നെ അദ്ദേഹം വളരെ ശാന്തശീലനും സൽസ്വഭാവിയുമാണന്ന് കണ്ടപ്പോൾ വളരെ സന്തോഷമുണ്ടായി. ഖലീഫ സാഹിബിന്റെ പ്രഭാഷണം മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. എന്നാൽ, ഹൃദയത്തിൽ വളരെ സ്വാധീനം ഉണ്ടാക്കുന്നതായിരുന്നു. പ്രഭാഷണം മുഖേന നമുക്ക് പകർന്നു നല്കിയ സന്ദേശം അനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ പട്ടണവും മുഴുവൻ സമൂഹവും സമാധാനപൂരിതമാകുമെന്നത് ഉറപ്പായ കാര്യമാണ്.'

❋ റിട്ടയറായ പ്രെസ്ബൈറ്റേറിയനായ മിസ്റ്റർ. ബിൽ മില്ലൺ ( Mr.Bill Millen (Retired Presbyterian) പറയുന്നു: 'നിങ്ങളുടെ ജമാഅത്തിന്റെ ഭാഗത്തു നിന്ന് ഇന്നത്തെ പരിപാടിയിൽ നല്കപ്പെട്ട ആതിഥേയത്വം എന്നിൽ വളരെ ആകർഷണമുണ്ടാക്കി. നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം വളരെ ഇഷ്ടപ്പെട്ടു. നിങ്ങൾ മത കാര്യങ്ങളിൽ തുറന്ന മനസ്സോടെ സംസാരിക്കാൻ തയ്യാറാണ്. പ്രഭാഷണത്തിൽ ഖലീഫ ഇന്ന് മുസ്‌ലിമീങ്ങൾക്ക് വന്നുഭവിച്ചിരിക്കുന്ന പ്രശ്നങ്ങളെ കുറിച്ചും പരാമർശിച്ചു.നാമെല്ലാവരും ഒന്നുചേർന്നുകൊണ്ട് സ്വന്തം പ്രവർത്തനത്തിലൂടെയും ദുആകളിലൂടെയും സമാധാന സ്ഥാപനത്തിനു വേണ്ടി പരിശ്രമിക്കേണ്ടത് അനിവാര്യമാണെന്നും പ്രഭാഷണത്തിനൊടുവിൽ ഖലീഫ പറഞ്ഞു. ഇതിൽ നമ്മുടെ ലോകത്തിന്റെ നിലനിൽപിനുള്ള സാധനസാമഗ്രികളുണ്ട്.'

❋ റിട്ടയേർഡ് ഹൈസ്കൂൾ അധ്യാപിക മിസ്. എലൈനി ക്രൌഫോർഡ് (Ms.Elaine Crawford) തന്റെ പ്രതികരണം ഈ വാക്കുകളിൽ വിവരിച്ചു: 'ഖലീഫ സാഹിബിനെ കണ്ട് വളരെ ഉറപ്പോടെ എനിക്ക് പറയാൻ കഴിയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെപ്പോലെതന്നെ സന്ദേശവും നിഷ്കളങ്കത നിറഞ്ഞതാണെന്ന്. സമാധാനസ്ഥാപനത്തിനുവേണ്ടിയുള്ള ഖലീഫയുടെ ശ്രമങ്ങൾ നമുക്കെല്ലാവർക്കും ഒരു മാതൃകയാണ്. ഖലീഫക്ക് അമുസ്‌ലിമീങ്ങളുടെ മുമ്പിൽ ഇസ്‌ലാം ഒരു സമാധാനനിർഭരമായ മതമാണെന്നും ഇസ്‌ലാമിനേയും മുസ്‌ലിമീങ്ങളേയും ഭയപ്പെടേണ്ടതില്ലെന്നും ആശ്വാസം നല്കേണ്ടി വന്നു എന്നത് വളരെ വ്യസനകരമാണ്. എങ്കിലും നമ്മിൽ നിന്നുള്ള അധികപേരും ഇസ്‌ലാമിനെ സമ്പൂർണസമാധാന മതമെന്നാണ് മനസ്സിലാക്കുന്നതെന്ന് ഖലീഫയ്ക്ക് അറിയാമെന്ന സൽപ്രതീക്ഷ എനിക്കുണ്ട്.

❋ മിസ്.കരോൾ റൈസ്(Ms.Carol Rice) പറയുന്നു: 'ഇന്ന് ഖലീഫയുടെ പ്രഭാഷണം ശ്രവിക്കുകയും അദ്ദേഹത്തെ കാണുകയും ചെയ്തപ്പോൾ ഒരു പ്രത്യേക ആദരവ് തോന്നുന്നു. സമാധാന സന്ദേശം നല്കുന്ന ഒരു വ്യക്തിയെ കൊണ്ട്, ശാന്തിയുടെ അധ്യാപനം നല്കുന്ന വിധത്തിൽ ദൈവത്തിന്റെ ഒരു പ്രിയപ്പെട്ട ദാസനെക്കൊണ്ട് ഇന്ന് നമ്മോട് സംസാരിപ്പിച്ചിരിക്കുന്നു.

മിസ്. മേരി എല്ലൻ വാനി(Ms.Mary Ellen Vanni) പറയുന്നു: 'ഇന്നത്തെ പ്രോഗ്രാമോടുകൂടി സ്ഥാപിതമായ ഒരു കാര്യം ഇസ്‌ലാം അതിന്റെ പേര് പ്രതിനിധാനം ചെയ്യുന്ന പോലെ സമാധാനത്തിന്റെ മതമാണ്. ഇസ്‌ലാമിന്റെ ഖലീഫ ഏതു വിധത്തിൽ സംസാരിക്കുന്നുവോ അതു പോലെ ജനങ്ങളുമായി ഇടപെടുന്നുമുണ്ട്. ഇതിൽനിന്ന് സ്ഥാപിതമാകുന്ന കാര്യം അദ്ദേഹം

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

തികച്ചും ഒരു പരിശുദ്ധ വ്യക്തിത്വത്തിന്റെ ഉടമയാണെന്നാണ്. ഖലീഫ സാഹിബിന്റെ വാക്കുകൾ ഹൃദയത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തുന്നതാണ്. അത് വാക്കുകളിൽ വിവരിക്കുക സാധ്യമല്ല. നമ്മുടെ ബാൾട്ടിമോർ പട്ടണത്തിലുള്ള ബയ്ത്തുസ്സമദെന്ന ഈ മസ്ജിദ് മുഖേന പ്രതീക്ഷയുടേയും സമാധാനത്തിന്റേയും ഒരു പുതിയ പ്രകാശം ഉടലെടുക്കുമെന്ന് എനിക്ക് ശുഭ പ്രതീക്ഷയുണ്ട്.'

❋ മിസ്. ബർബാര ബൌം (Ms.Babara Baum) പറയുന്നു: 'ഞാൻ നിങ്ങളുടെ മസ്ജിദിൽ വന്നിട്ടുണ്ട്. വളരെ സുന്ദരമായ മന്ദിരമാണ്. നമ്മുടെ പട്ടണത്തിലുള്ളവർക്ക് നിങ്ങളുടെ ഖലീഫ നല്കിയ സന്ദേശം വളരെ സുന്ദരമായ സന്ദേശമാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം ഇസ്‌ലാമിനേയും മുസ്‌ലിമീങ്ങളേയും കുറിച്ച് പരന്നിട്ടുള്ള തെറ്റുധാരണകൾക്കുള്ള മറുപടിയും കൂടിയായിരുന്നു. അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കനുസൃതമായി പ്രവൃത്തിക്കുകയാണെങ്കിൽ ലോകം നാമെല്ലാവരും ഒന്നാണെന്ന് തോന്നിക്കും വിധം ഒരു വീടുപോലെയായി മാറുന്നതാണ്.'

❋ റബ്ബി ആൻഡ്രു ബുഷ് (Rabbi AndrewBusch)പറയുന്നു: അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുടെ വ്യക്തിത്വം വളരെയധികം സുന്ദര വും ഹൃദയത്തിൽ സത്വര സ്വാധീനമുണ്ടാക്കുന്ന തരത്തിലുള്ള ഗരിമ നിറഞ്ഞതുമാണ്. സമാധാന സ്ഥാപനത്തിനു വേണ്ടിയുള്ള ഖലീഫയുടെ അക്ഷീണ പരിശ്രമത്തെ ഞാൻ ഹൃദയാത്മനാ പ്രശംസിക്കുന്നു.

### 2018 ഒക്ടോബർ 21 ഞായറാഴ്ച വാഷിംഗ്ടണിൽ നിന്നുള്ള മടക്കവും ഹ്യൂസ്റ്റണിൽ ആഗമനവും.

6.15-ന് ഹുദൂർ മസ്ജിദ് ബയ്ത്തുർറഹ്മാനിൽ സുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. നമസ്കാരശേഷം താമസ സ്ഥലത്തേക്ക് മടങ്ങി.

രാവിലെ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ മുഴുകിയ ഹുദൂർ കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ച് മാർഗനിർദേങ്ങൾ നല്കി.

വാഷിംഗ്ടണിൽനിന്ന് ഇന്ന് ഹുദൂർ ഹ്യൂസ്റ്റണിലേക്ക് പോകേണ്ട ദിവസമായിരുന്നു. 12.00 മണിക്ക് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തിറങ്ങി. ഹുദൂറിന് യാത്രയയപ്പു നല്കാൻ ആബാല വൃന്ദം അഹ്മദി സഹോദരി സഹോദരന്മാർ അവിടെ തടിച്ചു കൂടിയിരുന്നു. ഹുദൂർ കൈയുയർത്തി എല്ലാവർക്കും സലാം പറഞ്ഞു. തുടർന്ന് ദുആ ചെയ്തു. ശേഷം വാഷിംഗ്ടണിലെ ഡല്ലസ് (Dallas)എയർപ്പോർട്ടിലേക്ക് പുറപ്പെട്ടു.

12.45ന് ഹുദൂർ എയർപ്പോർട്ടിലെത്തി. യുണൈറ്റഡ് എയർ ലൈനിന്റെ മുതിർന്ന സ്റ്റാഫ് ഹുദൂറിനെ സ്വീകരിച്ചു. തുടർന്ന് സ്പെഷ്യൽ ലോഞ്ചിലേക്ക് പോയി. 2 മണിക്ക് വിമാനത്തിൽ പ്രവേശിച്ചു. 2.35-ന് യുണൈറ്റഡ് എയർലൈനിന്റെ യൂ. എ. 484 നമ്പർ വിമാനം ഹ്യൂസ്റ്റണിലെ ജോർജ് ബുഷ് ഇന്റർനാഷണൽ എയർപ്പോർട്ടിലേക്ക് പറന്നു. ഫ്ളൈറ്റ് ഉയർന്ന് കുറച്ചു കഴിഞ്ഞതിനു ശേഷം വിമാനത്തിന്റെ ക്യാപ്റ്റൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് നമ്മുടെ വിമാനത്തിൽ യാത്ര ചെയ്യുന്നുവെന്ന് വിളംബരപ്പെടുത്തി. നമ്മൾ അദ്ദേഹത്തെ സ്വാഗതം ചെയ്യുന്നു. ഹുദൂറിനെ പരിചയപ്പെടുത്തിക്കൊണ്ട് 'ലോകസമാധാനത്തിന്റെ അംബാസഡർ' എന്ന് പരിചയപ്പെടുത്തി. ലോകത്ത് മത സ്വാതന്ത്ര്യത്തിനുവേണ്ടിയും സാഹോദര്യത്തിനു വേണ്ടിയും സമാധാന സംസ്ഥാപനത്തിനു വേണ്ടിയും പ്രവർത്തിക്കുന്നതായും വിളംബരം ചെയ്തു. മൂന്നേകാൽ മണിക്കൂർ യാത്രയ്ക്കു ശേഷം ഹ്യൂസ്റ്റൺ സമയ പ്രകാരം 4.50 ന് ഹ്യൂസ്റ്റൺ എയർപ്പോർട്ടിലിറങ്ങി. ഹ്യൂസ്റ്റൺ സമയം വാഷിംഗ്ടണിനേക്കാൾ ഒരു മണിക്കൂർ പിന്നിലാണ്.

വിമാനത്തിന്റെ വാതിൽക്കൽ ആദരണീയ നായിബ് അമീർ യു.എസ്.എ ഡോക്ടർ നസീം റഹ്മത്തുല്ലാഹ് സാഹിബ്, സെക്രട്ടറി ഉമൂറെ ഖാരിജ ഹ്യൂസ്റ്റൺ ഡോക്ടർ അത്വാഉർറബ്ബ് സാഹിബ് ഹുദൂറിനെ സ്വാഗതം ചെയ്യാനെത്തിയിരുന്നു. ഹൂസ്റ്റൺ പട്ടണത്തിന്റെ മേയറിന്റെ പ്രതിനിധിയും സ്വീകരിക്കാനുണ്ടായിരുന്നു.

ശേഷം സ്പെഷ്യൽ പ്രോട്ടോക്കോളനുസരിച്ച് എയർപോർട്ടിൽ നിന്ന് ഹുദൂർ പുറത്തേക്കു വന്നു. 5.15-ന് ജമാഅത്ത് സെന്ററായ മസ്ജിദ് ബയ്ത്തുസ്സമീഇലേക്ക് പുറപ്പെട്ടു. ഈ യാത്രാ വേളയിൽ പോലീസിന്റെ 6 മോട്ടർ സൈക്കിൾ ഹുദൂറിന്റെ യാത്രാ സംഘത്തിന് അകമ്പടിയായിട്ടുണ്ടായിരുന്നു. ഇവർ മുമ്പേ യാത്ര ചെയ്ത് ഹുദൂറിന്റെ യാത്രാ സംഘത്തിന്നു കടന്നുപോകാൻ മറ്റു വാഹനങ്ങൾ ബ്ലോക്ക് ചെയ്തുകൊണ്ട് വഴികൾ സുഗമമാക്കിക്കൊണ്ടിരുന്നു. ഇരുപത്തിയഞ്ച് മിനിറ്റ് യാത്രക്കുശേഷം 5.40-ന് മസ്ജിദു ബയ്ത്തുസ്സമീയിലെത്തി. ഹ്യൂസ്റ്റണിലെ തദ്ദേശ അഹ്മദികളെ കൂടാതെ സമീപ ജമാഅത്തുകളായ ആസ്റ്റൺ, ടെനീസി, ബാൾട്ടിമോർ, ബേ പോയന്റ്, ബോസ്റ്റൺ, ഡല്ലസ്, ശിക്കാഗോ, ജോർജിയ, ഫോർത്ത് വർത്ത്, ലൊസാഞ്ചലസ്, കനോകി, മിയാമി, ലോറിയൽ, സിൽവർ സ്പ്രിംഗ് എന്നിവടങ്ങളിൽനിന്ന് ദീർഘദൂരം യാത്ര ചെയ്ത് അഹ്മദികൾ ഹുദൂറിനെ സ്വീകരിക്കാൻഎത്തിയിരുന്നു.

ടെനീസിയിൽനിന്ന് വന്നവർ 830 മൈൽ 12 മണിക്കൂറു കൊണ്ടും ജോർജിയ സ്റ്റേറ്റിൽ നിന്നുള്ളവർ 850 മൈൽ 13 മണിക്കൂർ കൊണ്ടും കണ്ടോക്കി ജമാഅത്തിൽ നിന്ന് 1050 മൈൽ ദൂരം 16 മണിക്കൂർ കൊണ്ടും യാത്ര ചെയ്താണെത്തിയത്. ബാൾട്ടിമോറിൽനിന്ന് വിമാനം മുഖേന എത്തിയവർ മൂന്നര മണിക്കൂറും ബേപോയിന്റ്, ബോൽറ്റണിൽനിന്ന് വന്നവർ നാലു മണിക്കൂർ വിമാന യാത്ര ചെയ്തുമാണിവിടെ എത്തിയത്. മിയാമി, ലൊസാഞ്ചലസ്, സിൽവർ സ്പ്രിംഗ് വാഷിംഗ്ടൺ എന്നിവടങ്ങളിൽ നിന്ന് മൂന്നര മണിക്കൂർ വിമാന യാത്ര ചെയ്താണ് കുടുംബത്തോടൊപ്പം എത്തിയത്.

കനഡ, ജർമനി രാജ്യങ്ങളിൾ നിന്ന് ചില അഹ്മദികൾ എത്തിയിരുന്നു. 700 ഓളം പേർ ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു. മസ്ജിദ് ബയ്ത്തുസ്സമീഇലേക്ക് ഹുദൂറിന്റെ വാഹനം പ്രവേശിച്ചതും അല്ലാഹു അക്ബർ എന്ന തക്ബീർ ധ്വനി ഉച്ചത്തിൽ മുഴക്കിക്കൊണ്ട് ഹുദൂറിനെ സ്വീകരിച്ചു. പെൺകുട്ടികൾ സ്വാഗതഗാനം ആലപിച്ചു. എല്ലാവരും കൈയുയർത്തി ഹുദൂറിന് സ്വാഗതമോതി. ഊഷ്മളമായ വരവേല്പാണ് ഹുദൂറിന് അവിടെ നല്കപ്പെട്ടത്. ജമാഅത്തിന്ന് അനുഗൃഹീത ദിനമായിരുന്നു ഇന്ന്.

ഹ്യൂസ്റ്റൺ മണ്ണിൽ ഹുദൂറിന്റെ കാൽപാദം ആദ്യമായാണ് പതിഞ്ഞത്. എല്ലാവരും സന്തോഷ ലഹരിയിലായിരുന്നു. കുറച്ചു സമയം ഹുദൂർ തന്റെ കൈ വീശി പ്രേക്ഷകർക്ക് സന്തോഷം പകർന്നു. ശേഷം താമസസ്ഥലത്തേക്ക് പോയി.

ളുഹ്ർ അസ്്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. ഹ്യൂസ്റ്റൺ അഹ്മദിയ്യാ ജമാഅത്തിന്റെ ഈ കോംപ്ലക്സിന്റെ ആകെ വിസ്താരം അഞ്ച് ഏക്കറാണ്.1996-ൽ അവിടുത്തെ ഒരു ആത്മാർഥ അഹ്മദി യൂനുസ് ഖുറയ്ശി സാഹിബ് 250 ലക്ഷം അമേരിക്കൻ ഡോളറിന് വാങ്ങി ജമാഅത്തിന് സമർപിക്കുകയാണ് ചെയ്തത്.

1998 ജനുവരി 30-ന് ഖലീഫത്തുൽ മസീഹ് നാലാമൻ തന്റെ സന്ദർശന വേളയിൽ ഈ മസ്ജിദിന് ശിലാകർമം നിർവഹിച്ചു. ഈ കോംപ്ലക്സിന്റെ ആദ്യഘട്ടമായി 2001-ൽ 5 ലക്ഷം ഡോളർ ചെലവിൽ രണ്ട് ഹാളും മുറബ്ബി ഹൗസും പണി കഴിപ്പിച്ചു. ഇവിടെയാണ് നമസ്കാരം നടന്നു കൊണ്ടിരുന്നതും. 2003-ൽ ഖുറയ്ശി മുഹമ്മദ് യൂനുസ് സാഹിബ് ഒരു മില്യൺ ചെലവ് ചെയ്തുകൊണ്ട് മസ്ജിദ് ബയ്ത്തുസമീഅ് നിർമിച്ചു ജമാഅത്തിനു നല്കി. മസ്ജിദിന്റെ ഹാളിൽ 550 പേർക്ക് നമസ്കരിക്കാം. മുമ്പേ ഉണ്ടായിരുന്ന ഹാൾ ഇപ്പോൾ ആതിഥേയ വിഭാഗത്തിന്റെ കീഴിൽ ഭക്ഷണ ഹാളായി ഉപയോഗിക്കുന്നു. ഇതിൽ ചില ഓഫീസുകളുമുണ്ട്.

2013-ൽ മൂന്ന് ലക്ഷം ഡോളർ ചെലവ് ചെയ്ത് ഒരു ഗസ്റ്റ് ഹൗസും ഒരു ലങ്കർഖാനയും പണികഴിപ്പിച്ചു. മസ്ജിദ് പരിസരത്ത് 80 വണ്ടികൾക്ക് പാർക്കു ചെയ്യാനും 160 വണ്ടികൾക്ക് കൂടുതലായി പാർക്കു ചെയ്യാനുമുള്ള സംവിധാനമുണ്ട്. ഹുദൂറിന്റെ ഈ സന്ദർശനവേളയിൽ ഇവിടെ വിശാലമായ നിലയിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. മസ്ജിദിനോട് ചേർന്ന് കൂടുതൽ പേർക്കിരിക്കാൻ ഒരു പന്തൽ ഉണ്ടാക്കിയിട്ടുണ്ട്. ഇവിടെ 250 പേർക്ക് നമസ്കരിക്കാൻ സാധിക്കും.

ഭക്ഷണ ഹാൾ ബിൽഡിംഗിൽ സ്ത്രീകൾക്ക് നമസ്കരിക്കാൻ വേണ്ടിയുള്ള സൗകര്യം ഒരുക്കപ്പെട്ടു. ഇവിടെ 280 സ്ത്രീകൾക്ക് നമസ്കരിക്കാൻ സാധിക്കും. കൂടാതെ 200 പേർക്ക് കൂടുതലായി നമസ്കരിക്കാൻ ഒരു പന്തലും കൂടി ഇട്ടിട്ടുണ്ട്. ഭക്ഷണത്തിനുവേണ്ടി വെവ്വേറെ അധികമായി ഈരണ്ട് പന്തലും ഉണ്ടാക്കിയിരുന്നു. ഇവിടെ 600 പേർക്ക് ഭക്ഷണം കഴിക്കാൻ സാധിക്കും.കൂടാതെ ഒരു പന്തൽ ഖിദ്മത്തെ ഖൽഖ്(സൃഷ്ടിസേവനം) നുവേണ്ടി തയ്യാറാക്കിയിട്ടുണ്ട്. രജിസ്ട്രേഷനു വേണ്ടിയും സെക്യൂരിറ്റിക്കു വേണ്ടിയും ഫസ്റ്റ് എയ്ഡിനു വേണ്ടിയും വെവ്വേറെ പന്തലുകൾ ഇട്ടിട്ടുണ്ട്. മസ്ജിദിന്റെ കാമ്പൗണ്ടിനുള്ളിൽ നിയന്ത്രിത പാർക്കിംഗ് സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്. മസ്ജിദിനോടു ചേർന്ന് ഒരു ചർച്ചും സ്ഥിതി ചെയ്യുന്നു. അതിന്റെ പാർക്കിംഗ് സ്ഥലം ഉപയോഗിക്കാനും അവർ നമുക്ക് അനുവാദം നല്കിയിരുന്നു. ഏകദേശം 30 വാഹനം അവിടെ പാർക്ക് ചെയ്യാൻ കഴിയും. ഹ്യൂസ്റ്റൺ നഗരത്തിന്റെ മെട്രോയുടെ ഭാഗത്തുനിന്നും നമ്മുടെ മസ്ജിദിൽനിന്നും 10 മിനിറ്റ് ഡ്രൈവിംഗ് അകലത്തിൽ സ്ഥിതി ചെയ്യുന്ന 400 പാർക്കിംഗ് സ്പോട്ടുള്ള സ്ഥലം നല്കിയിരുന്നു. അവിടെ നിന്ന് ഷട്ടിൽ സർവീസ് വഴി മസ്ജിലേക്ക് വരാൻ സൗകര്യം ഒരുക്കിയിരുന്നു. മസ്ജിദും അതിന്റെ മിനാരവും ഗുമ്പദും കോംപ്ലക്സ് മുഴുവനും വൈദ്യുതാലങ്കാരം ചെയത് പ്രശോഭിതമാക്കിയിരുന്നു. അവി

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ടെയുള്ള മരങ്ങളും ചെടികളും മറ്റു വിവിധ സ്ഥലങ്ങളും ഇപ്രകാരം അലങ്കരിച്ചിരുന്നു.കോമ്പൗണ്ടിലുള്ള ഈത്തപ്പനകൾ രാത്രിയിൽ ഒരു തൂണുപോലെയാണ് കാണപ്പെട്ടത്. ആ പ്രദേശം വർണാലങ്കാരങ്ങളാൽ രാത്രി തിളങ്ങിയിരുന്നു.

8.50-ന് ഹുദൂർ മഗ്രിബ്-ഇശാഅ് നമസ്കാരത്തിന് മസ്ജിദിലെത്തി. താഴെ പറയുന്ന വിശിഷ്ട വ്യക്തികൾ ഹുദൂറിനെ കാണാൻ പുറത്ത് കാത്തിരിക്കുന്നുണ്ടായിരുന്നു. 1.Captain David Escabor with Precint 4 constable Office. 2.Nasir Abbasi Deputy Sheriff Haris County 3. Samantha Huges Deputy Sheriff Hariss County

ഇവരെല്ലാവരും ഹുദൂറിനെ കാണുകയും ഹുദൂർ സ്നേഹവാത്സല്യത്തോടെ അവരോട് സംസാരിക്കുകയും ചെയ്തു. അതുകഴിഞ്ഞ് മഗ്രിബ്-ഇശാഅ് നമസ്കാരത്തിന് മസ്ജിദിൽ നേതൃത്വം നല്കി. ഹുസൂർ പിന്നീട് താമസ സ്ഥലത്തേക്ക് മടങ്ങി. ഇതേ കോപ്ലക്സിന്റെ ഒരു ഭാഗത്താണ് ഹുദൂറിന് താമസ സൗകര്യം ഒരുക്കിയിരുന്നത്.

**2018 ഒക്ടോബർ 22 തിങ്കളാഴ്ച:**

**ഹ്യൂസ്റ്റണിൽ നിന്ന് നിർഗമവും ഗ്വാട്ടിമാലയിൽ ആഗമവും**

മസ്ജിദ് ബയ്ത്തുസ്സമീയിൽ 6.30-ന് ഹുദൂർ സുബ്ഹിനമസ്കരിപ്പിച്ചു. ഹ്യൂസ്റ്റണിൽനിന്ന് മധ്യ മേരിക്കൻ രാഷ്ട്രമായ ഗ്വാട്ടിമാലയിലേക്കുള്ള ഹുദൂറിന്റെ യാത്രാ ദിവസമായിരുന്നു ഇന്ന്. ഇത് ഹുദൂറിന്റെ ആദ്യയാത്രയായിരുന്നു.

07.40-ന് ഹുദൂർ താമസസ്ഥലത്ത് നിന്ന് പുറത്തിറങ്ങി. ഹുദൂറിന് യാത്രയയപ്പു നല്കാൻ സ്ത്രീ പുരുഷന്മാരുടെ ഒരു വലിയ അഹ്മദി സംഘം പുറത്തെ കോമ്പൗണ്ടിൽ തടിച്ചു കൂടിയിരുന്നു. ദുആയ്ക്ക് ശേഷം ഹുദൂറിന്റെ യാത്രാ സംഘം എല്ലാവരോടും യാത്ര പറഞ്ഞു എയർപോർട്ടിലേക്ക് പുറപ്പെട്ടു.

ഹുദൂർ എത്തുന്നതിന്നു മുമ്പേ സാധനങ്ങളുടെ ബുക്കിംഗ് പൂർത്തിയാക്കി ബോർഡിംഗ് പാസ് നേടിക്കഴിഞ്ഞിരുന്നു. എട്ടേകാലിന് ഹുദൂർ എയർപോർട്ടിലെത്തി. യുണൈറ്റഡ് എയർ ലൈനിന്റെ സീനിയർ സ്റ്റാഫ് ഹുദൂറിനെ സ്വീകരിച്ചു. ഹുദൂർ പ്രോട്ടോക്കോളനുസരിച്ചുള്ള എമിഗ്രേഷൻ നടപടിക്ക് ശേഷം സ്പെഷ്യൽ ലോഞ്ചിലേക്ക് പോയി.

09.45-ന് ഹുദൂർ വിമാനത്തിനുള്ളിലേക്ക് പോയി. യു.എ. 1751 എന്ന യുണൈറ്റഡ് എയർ ലൈൻസിന്റെ വിമാനം 10.40-ന് ഗ്വാട്ടിമാല സിറ്റി എയർപോർട്ടിലേക്ക് യാത്ര പുറപ്പെട്ടു.

വിമാനം പറന്നുയർന്നതിനുശേഷം പൈലറ്റ് കാബിനിൽനിന്ന് വിളംബരം വന്നു: 'നമ്മോ ടൊപ്പം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദും യാത്ര ചെയ്യുന്നുണ്ട്. അദ്ദേഹം അമേരിക്കൻ യാത്രയിലായിരുന്നു. നമ്മൾ ഹുദൂറിനെ സ്വാഗതം ചെയ്യുന്നു. ഹുദൂർ അമേരിക്കയിൽ സെനറ്റേഴ്സ്മാരേയും കോൺഗ്രസ് അംഗങ്ങളേയും കാണുന്നതായിരിക്കും. ഹുദൂർ ചാമ്പ്യൻ ഓഫ് പീസാണ്. ഹുദൂർ ഗ്വാട്ടിമാലയിലും പോകുന്നുണ്ട്.

രണ്ടര മണിക്കൂർപറക്കലിനുശേഷം വിമാനം 10.12-ന് ഗ്വാട്ടിമാല സിറ്റി എയർപോർട്ടിലിറങ്ങി. ഗ്വാട്ടിമാല സമയം ഹ്യൂസ്റ്റൺ സമയത്തേക്കാൾ ഒരു മണിക്കൂർ പിന്നിലാണ്. ഹുദൂർ വിമാനത്തിൽനിന്ന് പുറത്തു വന്നതും ക്യാപ്റ്റൻ മാജിദ് അഹ്മദ് ഖാൻ സാഹിബ് ഹുദൂറിനെ സ്വാഗതം ചെയ്തു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് ഹ്യൂമാനിറ്റ് ഫസ്റ്റ് നിർമിക്കുന്ന നാസിർ ഹോസ്പിറ്റലിന്റെ നിർമാണം പരിപൂർത്തിയിലെത്തിയത്. ഈ മസ്ജിദിന്റെ ഉദ്ഘാടനവും ഹുദൂറിന്റെ ഈ യാത്രയിൽ നടക്കുന്നതായിരിക്കും.

ശേഷം ഗ്വാട്ടിമാല അമീറും മുബല്ലിഗ് ഇൻചാർജുമായ ആദരണീയ അബ്ദുസത്താർ ഖാൻ സാഹിബും ജമാഅത്തിന്റെ ജനറൽസെക്രട്ടറിയായ ഡേവിഡ് ഗൊൺസോളസും(David Gonzoles) ചേർന്ന് ഹുദൂറിനെ സ്വീകരിച്ചു.

പ്രത്യേക പ്രോട്ടോക്കോളനുസരിച്ച് ഹുദൂർ സ്പെഷ്യൽ ലോഞ്ചിലെത്തി. എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കി പുറത്തു വന്ന ഹുദൂർ പോർട്ട ഹോട്ടലിലേക്ക് പുറപ്പെട്ടു. 40 കിലോമീറ്റർ ദൂരെയുള്ള ഈ ഹോട്ടൽ ആന്റിഗ്വാ പട്ടണത്തിലാണ് സ്ഥിതി ചെയ്യുന്നത്. രാജ്യത്തിന്റെ തലസ്ഥാനം ഗ്വാട്ടിമാല സിറ്റിയാണ്. ഇതുമായി ചേർന്നുള്ള പട്ടണമാണ് ആന്റിഗ്വാ(Antigua). പോലീസ് വണ്ടിയും മോട്ടോർ സൈക്കിളും യാത്രാ സംഘത്തിന് അകമ്പടി സേവിച്ചു. പിന്നിലും എസ്കോർട്ടുണ്ടായിരുന്നു. ഇതിന്റെ ഇൻചാർജ് ഗ്വാട്ടിമാല ആർമിയിലെ ഒരു റിട്ടയേർഡ് ജനറലായിരുന്നു.

ഏകദേശം ഒരു മണിക്കൂർ യാത്രയ്ക്കുശേഷം ഉച്ച കഴിഞ്ഞ് രണ്ടു മണിക്ക് പോർട്ട ഹോട്ടലിലെത്തി. സ്ത്രീ-പുരുഷന്മാരുടേയും കുട്ടികളുടേയും ഒരു വലിയ ജനാവലി ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു. അവർ തക്ബീർ ധ്വനികൾ മുഴക്കിയും മുദ്രാവാക്യം വിളിച്ചും ഹുദൂറിനെ വരവേറ്റു. പ്രാദേശിക ഭാഷയിൽ കുട്ടികൾ സ്വാഗതഗാനവും പ്രാർഥനാ ഗീതവും ആലപിച്ചു. പ്രാദേശിക അഹ്മദികളെ കൂടാതെ മെക്സിക്കോ, ഇക്വഡോർ, ഹോൺഡുറാസ് (Honduras), പനാമ, .കോസ്റ്ററിക്ക (Costa Rica), എൽസവഡോർ(El Salvador), പരാഗ്വേ (Paraguay), ബെലീസ് എന്നിവിടങ്ങളിൽ നിന്നുള്ള പുതു അഹ്മദികളും പങ്കെടുത്തിരുന്നു.

കൂടാതെ അമേരിക്ക, കനഡ എന്നീ രാഷ്ട്രങ്ങളിൽ നിന്ന് വളരെയധികം അഹ്മദികൾ ഗ്വാട്ടിമാലയിലെത്തിയിരുന്നു. ഇവർ ഹുദൂറിനെ സ്വീകരിക്കാനുമായിരുന്നു എത്തിയത്. കൈയുയർത്തി ഹുസൂർ എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് ഹോട്ടലിനുള്ളിലേക്ക് പോയി. ഹോട്ടലിൽ ഒരു ഹാൾ നമസ്കാരത്തിന്നുവേണ്ടി തയ്യാറാക്കിയിരുന്നു. 4.40-ന് ഹുദൂർ അവിടെ ളുഹ്ർ -അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

5.15-ന് ഹുദൂർ ഗ്വാട്ടിമാലയിലെ മസ്ജിദ് ബയ്ത്തുൽ അവ്വലിലേക്ക് യാത്ര തിരിച്ചു. 35 മിനിറ്റ് യാത്രയ്ക്ക് ശേഷം 5.50-ന് മസ്ജിദ് ബയ്ത്തുല് അവ്വലിലെത്തി. ഗ്വാട്ടിമാലയെ കൂടാതെ മധ്യ, ദക്ഷിണ അമേരിക്കയിൽ നിന്നുള്ള അഹ്മദീ സംഘങ്ങളും ചേർന്ന് ഹുദൂറിന് സമ്പൂർണ്ണ വരവേല്പ്പ് നല്കി. പെൺകുട്ടികൾ പ്രാദേശിക ഭാഷയിൽ ഗാനാലാപനം ചെയ്തു. ഹുദൂർ കൈയുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് മിഷൻ ഹൗസിൽ പ്രവേശിച്ചു.

അതുകഴിഞ്ഞ് ഹുദൂർ മസ്ജിദിന്റേയും മിഷൻ ഹൗസിന്റേയും കെട്ടിടങ്ങൾ പരിശോധിച്ചു. ബോർഡിംഗ് ഏരിയയും വിലയിരുത്തി. മസ്ജിദ് കോമ്പൗണ്ടിന്നു പുറത്ത് സ്ത്രീകൾക്കും പുരുഷന്മാർക്കും പന്തലുകളിട്ട് വെവ്വേറെ ഭക്ഷണത്തിനുള്ള ഏർപാട് ചെയ്തിരുന്നു. ഇതു വിഷയകമായും ഹുദൂർ അന്വേഷിച്ചു. പുറത്തുള്ള സ്ഥലത്ത് നിർമിക്കാനിരിക്കുന്ന കൂടുതൽ കെട്ടിടങ്ങളെ കുറിച്ചും വിലയിരുത്തി. താഴ്ഭാഗത്തു മുമ്പേ ക്ലിനിക്കായി ഉപയോഗിച്ചിരുന്ന ഭാഗം ഗസ്റ്റ് റൂമാക്കി മാറ്റി എന്ന് ഗ്വാട്ടിമാല അമീർ സാഹിബ് അറിയിച്ചു. ഇവിടെ വ്യവസ്ഥാപിത രൂപത്തിൽ മൂന്ന് ബോർഡിംഗ് അപ്പാർട്ടുമെന്റുകളും ഒന്നോ രണ്ടോ ബെഡ്റൂമുകളും നിർമിക്കാനുള്ള അപേക്ഷ ഹുദൂറിന്റെ സന്നിധിയിൽ സമർപിച്ചു. ഹുദൂർ അതിന്നനുവാദം നല്കി. മുൻ ബിൽഡിംഗ് പൊളിക്കണോ അതിനെ റിനോവേറ്റ് ചെയ്താൽ മതിയോ എന്ന് പരിശോധിക്കുക. ഹുദൂർ പറഞ്ഞു. ലണ്ടനിൽ നിന്ന് ഫാഇസ് സാഹിബ് വന്ന് വിലയിരുത്തുന്നതാണ്.

**ഗ്വാട്ടിമാല ജമാഅത്തിന്റെ സംയുക്ത കൂടിക്കാഴ്ച**

❋ തുടർന്ന് ഹുദൂർ മസ്ജിദ് ഹാളിലെത്തി. അവിടെ 44 പുരുഷന്മാരും 46 സ്ത്രീകളും കുറച്ചു കുട്ടികളും ഹുദൂറിനെ കാണാൻ പ്രതീക്ഷയോടെ കാത്തു നില്ക്കുന്നുണ്ടായിരുന്നു.

❋ മെക്സിക്കോയുടെ ചിയാപ്പ(Chiapa)പ്രദേശം ഗ്വാട്ടിമാല പ്രദേശവുമായി ചേർന്നു കിടക്കുന്നതാണ്. ഇവിടെ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമാണ്. അവിടെ നിന്നുള്ള അഹ്മദികളും ഇവിടെ ഹാജരായിരുന്നു. 32 പേർ അടങ്ങുന്ന സംഘമാണ് വന്നത്. ആയിരം മൈൽ താണ്ടിയാണ് അവരിവിടെ എത്തിയത്. ഇവരിലധിക പേരും ആദ്യമായാണ് ഹുദൂറിനെ നേരിട്ട് കാണുന്നത്.

★എല്ലാവരോടുമായി ഹുദൂർ ചോദിച്ചു: സുഖമാണോ?

അൽഹംദുലില്ലാഹ്! എല്ലാവരും മറുപടി പറഞ്ഞു.

★ഹുദൂർ: എവിടെ നിന്നാണ് വന്നത്?

അമീർ സാഹിബ് പറഞ്ഞു: ഗ്വാട്ടിമാലയിലെ വിവിധ പ്രദേശങ്ങളിൽ നിന്നാണ് വന്നത്. കഴിഞ്ഞ വർഷങ്ങളിൽ ബയ്അത്ത് നടന്ന സ്ഥലങ്ങളിൽ നിന്നും വന്നിട്ടുണ്ട്. അതു പോലെ മെക്സിക്കോയിലെ ചിയാപ്പ മേഖലകളിൽ നിന്നും വന്നിട്ടുണ്ട്.'അമീർ സാഹിബ് തുടർന്ന് പറഞ്ഞു.

ഹുദൂർ സ്നേഹവാത്സല്യത്തോടെ കുട്ടികളോട് കുശലാന്വേഷണം നടത്തി.

★ഹുദൂർ:എല്ലാവരും സ്കൂളിൽ പോകുന്നുണ്ടോ?

കുട്ടികൾ:ഞങ്ങളെല്ലാവരും സ്കൂളിൽ പോകുന്നു. ഹുദൂറിന്റെ ചോദ്യത്തിന് ഒരു കുട്ടി ഇപ്രകാരം മറുപടി നല്കി:

ഞാൻ ഡോക്ടറാകാൻ ആഗ്രഹിക്കുന്നു.

മറ്റൊരു കുട്ടി പറഞ്ഞു: ഞാൻ നാലാം ക്ളാസിൽ പഠിക്കുന്നു.

★കുട്ടികളെ ഉപദേശിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: നിങ്ങളെല്ലാവരും പഠിക്കണം. ഒരു കുട്ടിയും പഠിക്കാതിരിക്കരുത്. കുറച്ചുപേർ ഡോക്ടറാകുക. ചിലര് എഞ്ചിനിയറോ വക്കീലോ ടീച്ചറോ ആകുക. എല്ലാവരും എന്തെങ്കിലും വിദ്യ അഭ്യസിക്കേണ്ടതാണ്.

മെക്സിക്കോയിൽ നിന്നുള്ള ഒരു യുവ വിദ്യാർഥി കനഡ ജാമിയ അഹ്മദിയ്യായിൽ ചേർന്നിട്ടുണ്ട്. ആ യുവാവിന്റെ ജാമിയായിലെ ആദ്യ വർഷമായിരുന്നു അത്.

★ആ യുവാവിനോട് ഹുദൂർ ചോദിച്ചു: ഉർദു എവിടെവരെ പഠിച്ചു?

അദ്ദേഹം പറഞ്ഞു: ഇപ്പോൾ അല്പാല്പം പഠിച്ചുവരുന്നു.

★ഹുദൂർ പെൺകുട്ടികളോട് ചോദിച്ചു: നമ്മുടെ ജമാഅത്തിൽ പെൺകുട്ടികൾ കൂടുതൽ വിദ്യാസമ്പന്നരാണ്.നിങ്ങളെല്ലാവരും പഠനത്തിൽ ആൺകുട്ടികളെ മുൻ കടക്കണം. നിങ്ങൾക്കിടയിൽ നല്ല മത്സരം വേണം.

രണ്ട് ഗ്വാട്ടിമാല പെൺകുട്ടികൾ ഹുദൂറിന്റെ കൈയിൽ പൂച്ചെണ്ട് കൊടുത്തു.അപ്പോൾ ഹുദൂർ പറഞ്ഞു: ജസാക്കുമുല്ലാഹ്.

ഒരു പുതു അഹ്മദി ചോദിച്ചു: നമസ്കാരം ഏറ്റവും നല്ല രീതിയിൽ എങ്ങനെയാണ് നിർവ്വഹിക്കാൻ കഴിയുക?

★ഹുദൂർ പറഞ്ഞു:'നമസ്കരിക്കുമ്പോൾ നമ്മൾ അല്ലാഹുവിന്റെ മുമ്പിലാണ് നില്ക്കുന്നതെന്ന് കരുതുക. ദൈവം നമ്മെ കാണുന്നുവെന്ന് മനസ്സിൽ വിചാരിക്കുക. അങ്ങനെ വിനയത്തോടെ നമസ്കരിക്കാൻ നില്ക്കുക. എന്തൊന്നാണോ പറയുന്നത് അത് മനസ്സിലാക്കി പറയുക. സൂറ ഫാത്തിഹ കാണാതെ പഠിക്കുക. *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ* ആവർത്തിച്ചോതുക. ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുകയും നിന്നോട് മാത്രം സഹായം തേടുകയും ചെയ്യുന്നു. നിങ്ങൾ നമസ്കരിക്കുമ്പോൾ ഏറ്റവും ചുരുങ്ങിയത് ദൈവം നിങ്ങളെ കാണുന്നുവെന്ന വിചാരം മനസ്സിൽ കൊണ്ടു വരിക എന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ട്. ദൈവം എന്നെ കാണുന്നു എന്ന വിചാരം വരുമ്പോൾ വിനയം ഉണ്ടാകും. നമസ്കാരത്തിലേക്ക് ശ്രദ്ധയുണ്ടാകും.'

തുടരും

(പേജ് 2ൽനിന്ന്)

യുടെ സത്യമായ യാഥാർഥ്യം അവരെ അറിയിക്കുന്നു. മരണാനന്തര ജീവിതത്തിലുള്ള മറ്റു വിധ നിഗൂഢതകൾ അവരെ അറിയിക്കുന്നു. ഈ എല്ലാ കാര്യങ്ങളും ദൃഢതയുള്ളതാണെന്ന കാര്യത്തിൽ സംശയമില്ല. അത് പരിപൂർണവും സമഗ്രവുമായ ഘട്ടത്തിലാണ്. അവ ഒരു മനുഷ്യനെ ചിന്തയുടെ താഴെ കിടക്കുന്ന സ്ഥാനത്തുനിന്ന് വ്യക്തതയുടെ ഉന്നതമായ മിനാരത്തിലെത്തിക്കുന്നു. ഈ വിധത്തിലുള്ള ഏറ്റവും ഉന്നതമായ അനുഭവം ദൈവവുമായുള്ള സംഭാഷണമാണ്. എന്തെന്നാൽ ഇതുമുഖേന ഒരു വ്യക്തി ഗോപ്യമായ കാര്യങ്ങൾ കണ്ടെത്തുന്നുവെന്നു മാത്രമല്ല, ആ വിനീതദാസന് നല്കിയ അനുഗ്രഹങ്ങളെക്കുറിച്ചും അറിയിക്കുന്നു. മധുരവും അനുഗൃഹീതവുമായ ഭാഷണം മുഖേന ആ വ്യക്തി സംതൃപ്തി വരുത്തുകയും സർവ്വശക്തനായ അല്ലാഹുവിന്റെ സന്തുഷ്ടിയെക്കുറിച്ചും അറിവ് നല്കുന്നു. അതിന്റെ ഫലമായി, തിന്മയുടെ ആകർഷണങ്ങളുമായി യുദ്ധം ചെയ്യാനുള്ള മഹത്തായ ശക്തിയും നല്കപ്പെടുന്നു. ആ വ്യക്തിക്ക് പർവ്വതങ്ങളെപോലുള്ള സഹനശക്തിയും സ്ഥൈര്യവും നൽകുന്നു. അതേരീതിയിൽ അദ്ദേഹത്തിന് ഉന്നതനിലയിലുള്ള ജ്ഞാനവും ഗ്രാഹ്യശക്തിയും നല്കുന്നു. ഗോപ്യമായ നിഗൂഢതകളെക്കുറിച്ചും അറിവ് നല്കുന്നു. അഗാധമായ നല്ല ആശയങ്ങൾ അദ്ദേഹത്തിനറിയിക്കുന്നു. പ്രത്യേകമായ ദൈവികാധ്യാപനം ഇല്ലാതെ ഇത് കണ്ടെത്തുകയില്ല. ഈ ജ്ഞാനങ്ങൾ നേടാൻ വിശുദ്ധഖുർആനെ പരിപൂർണമായ രീതിയിൽ അനുസരിക്കണമെന്നുള്ളതിനാൽ ഇസ്ലാമിൽ ഫലത്തിൽ നിലനില്ക്കുന്ന ഇത്തരം കാര്യങ്ങൾ എങ്ങനെ കൈവരിക്കാൻ സാധിച്ചു എന്ന് ഒരാൾ ചോദിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരം ഈ അനുഭവമുള്ള ആളുകളുടെ കൂടെ കൂടിക്കഴിഞ്ഞാൽ അത്തരം ജ്ഞാനം നേടാൻ കഴിയും എന്നാണ്.

നാം പല പ്രാവശ്യം പ്രസ്താവിച്ചതാണ് എങ്കിലും എതിരാളിക്ക് വെളിപ്പെടുത്താൻ വേണ്ടി ആവർത്തിക്കുകയാണ്. ഈ മഹത്തായ ധനം ഇസ്ലാമിൽ കണ്ടെത്താം. മറ്റൊരു മതത്തിലും കണ്ടെത്താൻ സാധ്യമല്ല. ഒരു സത്യാന്വേഷകന് തെളിവ് നൽകാനുള്ള ഉത്തരവാദിത്തം നാം സ്വയം ഏറ്റെടുക്കുന്നു. സദ്വിചാരത്താൽ പ്രേരിതനായി ഒരു ഗവേഷണം നടത്താൻ ക്ഷമയോടെയും സ്ഥൈര്യത്തോടെയും ഒരാൾ ആഗ്രഹിക്കുകയാണെങ്കിൽ അദ്ദേഹത്തിനെ ഉൾക്കൊള്ളാനുള്ള കഴിവനുസരിച്ച് വെളിപ്പെടുത്താൻ സാധിക്കുന്നതാണ്. അദ്ദേഹം നമ്മോടൊപ്പം കഴിഞ്ഞുകൂടേണ്ടതാണ്.(ബറാഹീനെ അഹ്മദിയ്യ, റൂഹാനീഖസായിൻ, വാല്യം 1, പേജ് 532-545 ഉപ അടിക്കുറിപ്പ് 3, ദി റിവ്യൂ ഓഫ് റിലീജ്യൻസ് ഒക്ടോബർ 2019)

## വേദഗ്രന്ഥങ്ങളുടെ ഉദ്ദേശ്യം

"ദൈവത്തിലേക്കു നയിക്കുന്ന യാഥാർഥ്യം വിശുദ്ധഖുർആനിൽ കണ്ടെത്തിയിരിക്കുന്നുവെന്ന കാര്യത്തിന് നാം സാക്ഷിയാണ്. മുഴുലോകത്തിനും നാം സാക്ഷ്യം വഹിക്കുന്നു. നാം അല്ലാഹുവിന്റെ ശബ്ദം കേട്ടിട്ടുണ്ട്. വിശുദ്ധഖുർആന്റെ വെളിപാടിറക്കിയവന്റെ ശക്തമായ കരത്തിന്റെ ദൃഷ്ടാന്തങ്ങൾക്ക് സാക്ഷിയായിട്ടുമുണ്ട്. അവൻ സത്യദൈവവും ലോകങ്ങളുടെ യജമാനനുമാണ്. സമുദ്രത്തിൽ വെള്ളം നിറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ ഹൃദയത്തിൽ ദൃഢത നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് നാം പ്രബുദ്ധമായ അവബോധത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരേയും ഈ വിശ്വാസത്തിലേക്കും വെളിച്ചത്തിലേക്കും ക്ഷണിക്കുന്നു. അന്ധകാരം അകറ്റുന്ന സത്യമായ പ്രകാശം നാം കണ്ടെത്തിയിരിക്കുന്നു. അല്ലാഹു അല്ലാതെ ഏതൊന്നിനോടും സ്നേഹമില്ലാത്തതാക്കി മാറ്റുന്ന ഒരു ഹൃദയവും അവൻ തന്നിരിക്കുന്നു. ഇതാണ് ഏകവഴി. അതിനെ അനുധാവനം ചെയ്യുന്നതുമൂലം ഒരു വ്യക്തി വികാരത്തിൽനിന്നും ഞാനെന്ന ഭാവത്തത്തിൽനിന്നും ഉയർന്നു നില്ക്കുകയും ചെയ്യുന്നു; പാമ്പ് പടം പൊഴിക്കുന്നതുപോലെയാണിത്." (കിതാബുൽ ബരിയ്യ, റൂഹാനീ ഖസാഇൻ, വാല്യം 13, പേജ് 65)

"ഏതൊരു വസ്തുവിന്റേയും മൂല്യം കിടക്കുന്നത് ഏതൊരുദ്ദേശ്യാർഥം അത് നിർമിക്കപ്പെട്ടുവോ അത് പൂർത്തിയാക്കലാണെന്നത് വ്യക്തമായ വസ്തുതയാണ്. ഉദാഹരണമായി ഉഴുതുകാളയെ വാങ്ങുന്നത് കൃഷിയിടം ഉഴുതുവാനാണ്. ഉഴുതുവാനുള്ള അതിന്റെ പ്രവൃത്തി എത്രത്തോളം ചെയ്യുന്നുവോ അതനുസരിച്ചാണ് അതിന്റെ മൂല്യം നിർണയിക്കപ്പെടുന്നത്. അതുപോലെ ഒരു ദൈവികഗ്രന്ഥം അതിന്റെ അനുയായികളെ അതിന്റെ അധ്യാപനവും സ്വാധീനവുംമൂലം ഓരോ പാപത്തിൽനിന്നും പാപകരമായ ജീവിതത്തിൽനിന്നും രക്ഷിക്കുന്നുവെങ്കിൽ അതിന്റെ ഉദ്ദേശ്യം നിറവേറ്റി എന്നത് വളരെ വ്യക്തമാണ്. അതിന്റെ പരിഷ്കരിക്കാനുള്ള കഴിവും ആത്മീയമായ ഗുണങ്ങളും അവരിൽ പരിശുദ്ധജീവിതമുണ്ടാക്കണം, അവരെ ശുദ്ധീകരിച്ചശേഷം ദൈവത്തെ തിരിച്ചറിയാനുള്ള പൂർണമായ ഉൾക്കാഴ്ച നല്കണം. അർപണത്തിന്റേയും സ്നേഹത്തിന്റേയും ബന്ധം ആ നിസ്തുലമായ സത്തയുമായി സ്ഥാപിക്കണം. അവനാണ് എല്ലാ ആനന്ദത്തിന്റേയും സ്രോതസ്സ്. സത്യത്തിന്റെ ഈ സ്നേഹമാണ് മോക്ഷത്തിന്റെ വേര്. ഇതാണ് സ്വർഗം. അതിൽ പ്രവേശിക്കുന്നതുമുഖേന എല്ലാ ക്ലേശവും വിദ്വേഷവും വേദനയും ദുരിതവും നീക്കപ്പെടണം. സംശയലേശമെന്യെ, ഒരു ദൈവാന്വേഷിയെ തന്റെ ലക്ഷ്യത്തിലേക്ക് നയിക്കുകയും താണതരം ജീവിതത്തിൽനിന്ന് രക്ഷപ്പെടുത്തുകയും സത്യപ്രേമിയിലേക്ക് നയിക്കുകയും ചെയ്യുന്ന സജീവവും സമഗ്രവുമായ വെളിപാടുഗ്രന്ഥമാണത്; അവനെ കണ്ടുമുട്ടുകയാണ് മോക്ഷം എന്നത്. അതവനെ എല്ലാ സംശയങ്ങളിൽനിന്ന് അകറ്റണം. സമഗ്രമായ ഗ്രാഹ്യശക്തി അവന് നല്കുകയും വേണം, അവൻ ദൈവത്തെ കാണുന്നതുപോലെ. അവനും ദൈവവും തമ്മിൽ എത്ര ശക്തമായ ബന്ധമുണ്ടാക്കുമെന്നാൽ അവൻ ദൈവത്തിന്റെ വിശ്വസ്തനായ ദാസനും ദൈവം അവനോട് ഉദാരപൂർവ്വം പെരുമാറുന്നവനുമാകും. അവൻ ആ വ്യക്തിയുമായി വ്യത്യസ്തമായി പെരുമാറും. വിവിധ രീതിയിലുള്ള തന്റെ സഹായവും പിന്തുണയും നല്കും. തന്നെക്കുറിച്ചുള്ള ഗ്രാഹ്യശക്തിയുടെ കവാടങ്ങൾ അവനുവേണ്ടി ദൈവം തുറന്നിടും. അതിന്റെ യഥാർഥ ഉദ്ദേശ്യമായ ഈ ചുമതല അനുഷ്ഠിക്കുന്നതിൽ ഒരു ഗ്രന്ഥം പരാജയപ്പെടുകയും അതിന്റെ മൂല്യം അപ്രസക്തമായ അവകാശമുന്നയിക്കുകയുമാണെങ്കിൽ ഒരു പ്രഗത്ഭനായ ഭിഷഗ്വരൻ താനൊരു പ്രഗത്ഭനായ ഭിഷഗ്വരനാണെങ്കിൽ തന്റെയടുക്കൽ വരുന്ന രോഗിയോട് രോഗം ഭേദമാക്കാൻ സാധിക്കയില്ലെന്നും എന്നാൽ, തനിക്ക് മുഷ്ടിയുദ്ധം നടത്താൻ സാധിക്കുമെന്നും അല്ലെങ്കിൽ താനൊരു ഗോളശാസ്ത്രവിദഗ്ദ്ധനാണെന്നോ തത്ത്വജ്ഞാനിയാണെന്നോ പറയുന്നതുപോലെയായിരിക്കും. അങ്ങനെയുള്ള ഒരു വ്യക്തി ഒരു വിദൂഷകനെന്നു വിളിക്കപ്പെടും. ബുദ്ധിമാന്മാരായ ആളുകളുടെ ദൃഷ്ടിയിൽ അയാൾ ശിക്ഷയർഹിക്കുന്നു. ഒരു ദൈവികഗ്രന്ഥത്തിന്റെ അല്ലെങ്കിൽ ദൈവദൂതന്റെ പ്രധാന ഉദ്ദേശ്യം ലോകത്തെ പാപകരമായ ജീവിതത്തിൽനിന്നു രക്ഷിക്കുകയാണ്. ദൈവവും ലോകവുമായി ഒരു വിശുദ്ധബന്ധം സ്ഥാപിക്കലാണ്. അവരുടെ ഉദ്ദേശ്യം ജനങ്ങളെ മതേതരമായ വിഷയങ്ങൾ പഠിപ്പിക്കുകയോ അവർക്ക് ഭൗതികമായ കണ്ടുപിടിത്തങ്ങളെക്കുറിച്ച് നിർദേശം നല്കുകയാ അല്ല.

ബുദ്ധിമാനും നീതിമാനുമായ ഒരു വ്യക്തിക്ക് ദൈവികഗ്രന്ഥത്തിന്റെ ഉദ്ദേശ്യം ജനങ്ങളെ ദൈവത്തിലേക്ക് നയിക്കുകയാണെന്ന കാര്യം മനസ്സിലാക്കാൻ വിഷമമില്ല. ദൈവത്തിൽ ദൃഢമായി വിശ്വസിക്കുകയാണ് ആ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം. ദൈവത്തിന്റെ പ്രതാപവും ദൈവഭയവും അവരുടെ ഹൃദയങ്ങളിൽ അങ്കുരിപ്പിച്ചു പാപം ചെയ്യുന്നതിൽനിന്ന് അവരെ തടയുകയാണ് അതിന്റെ ഉദ്ദേശ്യം. ഹൃദയത്തെ ശുദ്ധീകരിക്കാൻ സാധിക്കാത്ത ഗ്രന്ഥം കൊണ്ട് എന്തു പ്രയോജനമാണുള്ളത്, അല്ലെങ്കിൽ പരിശുദ്ധവും സമഗ്രവുമായ ഗ്രാഹ്യശക്തി നല്കിക്കൊണ്ട് പാപത്തെ വെറുക്കുന്നില്ലെങ്കിൽ പിന്നെന്തു പ്രയോജനമാണുള്ളത്? പാപത്തോടുള്ള ആകർഷണം ഭയാനകമായ കുഷ്ഠരോഗമാണ്. ദൈവികഗ്രാഹ്യശക്തിയുടെ സജീവമായ പ്രകടനമില്ലാതെ അത് ഭേദപ്പെടുത്താൻ സാധ്യമല്ല. ദൈവഭയത്തിന്റെ ദൃഷ്ടാന്തങ്ങളും, അവന്റെ മഹത്ത്വവും ശക്തിയും മഴപോലെ വർഷിക്കണം. ഒരു മനുഷ്യനു ദൈവഭയമുണ്ടാക്കുന്ന കഴിവുകളെക്കുറിച്ച് അറിവില്ലെങ്കിൽ തന്റെ രണ്ടടി മുന്നിൽ കടുവയുണ്ടെന്നു അറിയുന്ന ഒരു ആടിനെപോലെയാണ്. പാപത്തിന്റെ മാരകമായ വികാരത്തിൽനിന്ന് മനുഷ്യൻ സ്വതന്ത്രനാവണം. ദൈവമഹത്ത്വം അവന്റെ ഹൃദയത്തിൽ സ്ഥാനം പിടിക്കണം. വികാരത്തിന്റെ അപ്രതിരോധ്യമായ പിടിത്തത്തിൽനിന്ന് അത് മനുഷ്യനിൽ വീഴുന്നത് മിന്നൽപ്പിണർപോലെയാണ്. അത് നിമിഷനേരംകൊണ്ട് സാത്വികതയുടെ സംഭരണിയെ തിന്നുകളയുന്നു.

അത്തരം മലിനവികാരങ്ങൾക്ക് അത് കുഷ്ഠരോഗംപോലെ ആവർത്തിച്ചാക്രമിക്കുകയും ഭക്തിബോധം നശിപ്പിക്കുകയും ചെയ്യുന്നു- ദൈവത്തെക്കുറിച്ചുള്ള സ്വയംകൃതമായ ധാരണകൊണ്ടു അതിനെ തുടച്ചുമാറ്റാൻ സാധിക്കുമോ? അല്ലെങ്കിൽ ഒരാളുടെ ചിന്തകൊണ്ട് അതിനെ അടിച്ചമർത്താൻ കഴിയുമോ? അല്ലെങ്കിൽ പാപപരിഹാരസിദ്ധാന്തം മുഖേന തടസ്സപ്പെടുത്താൻ പറ്റുമോ? ആ യാതന വ്യക്തിപരമായി അനുഭവപ്പെട്ടതല്ലല്ലോ; തീർച്ചയായും അല്ല. ഇത് താല്പര്യക്കുറവുള്ള കാര്യമല്ല. ബുദ്ധിയുള്ള ഒരു വ്യക്തിയുടെ വിലയിരുത്തൽ മറ്റെല്ലാറ്റിനേക്കാളും പരിഗണനാർഹമാണ്. ഒരു വ്യക്തിയുടെ സാഹസികതമൂലം അയാൾക്ക് നേരിടേണ്ടിവരുന്ന നാശത്തിൽനിന്ന് അയാൾ രക്ഷനേടിയേക്കാം. ദൈവവുമായുള്ള ബന്ധത്തിന്റെ അഭാവം അതിന്റെ വേര് പാപവും അനുസരണക്കേടും ആണ്. ഒരു വ്യക്തിക്ക് ഊഹം കണക്കിലെടുത്തുകൊണ്ട് ചില ആനന്ദം ഉപേക്ഷിക്കാൻ സാധിക്കില്ലെന്നത് വ്യക്തമാണ്.

തുടരും

### അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

### കലാമുൽ ഇമാം:-

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 21 November 2019 Issue-47

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**ഇന്ന് യുവാക്കളുടെ പരിശീലനത്തിന്റെ കാലഘട്ടമാണ്. അവരുടെ ശിക്ഷണത്തിന്റെ കാലഘട്ടമാണ്. പരിശീലന കാലഘട്ടം നിശബ്ദതയുടെ കാലഘട്ടമാണ്; ഒന്നും നടക്കുന്നില്ലെന്ന് ആളുകൾക്ക് തോന്നും. എന്നാൽ, ജനത തർബിയ്യത്തുകിട്ടി കർമരംഗത്തേക്കു ഇറങ്ങിനില്ക്കുമ്പോൾ ലോകം പര്യവസാനം നോക്കാൻ തുടങ്ങുന്നു. യഥാർഥത്തിൽ ഒരു കൈ ഉയരുമ്പോൾ എഴുന്നേല്ക്കുകയും അത് താഴുമ്പോൾ ഇരിക്കുകയും ചെയ്യുന്ന ജീവസുറ്റ ജനത ലോകത്ത് അതിമഹത്തായ മാറ്റം ഉണ്ടാക്കുന്നതായിരിക്കും**

## 50–ാമത് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ സംസ്ഥാന ഇജ്തിമാഇന്റെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ പ്രത്യേക സന്ദേശം

ഇസ്‌ലാമാബാദ് (യു.കെ)
MA 30/07/2019

ഭാരതത്തിലെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അംഗങ്ങളേ!

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.*

നിങ്ങൾക്ക് നിങ്ങളുടെ 50–ാമത് 'സാലാനാ കേന്ദ്ര ഇജ്തിമാ' സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടുന്നുവെന്നറിഞ്ഞതിൽ എനിക്കതിയായ സന്തോഷമുണ്ട്. ഇപ്രകാരംതന്നെ നിങ്ങൾ ഇതിനോടൊപ്പം ഇജ്തിമാഇന്റെ തിയതികളഇൽ ഒരു സുവനീർ പ്രസിദ്ധീകരിക്കാനും ആഗ്രഹിക്കുന്നു. അല്ലാഹു അത് എല്ലാവിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ. ആമീൻ.

സ്വദർ സാഹിബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ഇതുസംബന്ധമായി എന്നോടു സന്ദേശമയക്കാൻ അപേക്ഷിച്ചിരിക്കുന്നു. എന്റെ സന്ദേശമിതാണ്; മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഏതൊരു ഉദ്ദേശ്യങ്ങൾക്കുവേണ്ടിയാണോ സ്ഥാപിതമായിട്ടുള്ളത് ആ ഉദ്ദേശ്യങ്ങൾ മുന്നിൽവച്ചുകൊണ്ട് പണിയെടുക്കുക. നിങ്ങളുടെ ഖിലാഫത്തുമായുള്ള സുദൃഢബന്ധത്തിന് അവ ഉപയോഗിക്കുക.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഹ്മദീയുവാക്കളുടെ ഉപസംഘടനയാണ്. അതിന് 1938–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഖാദിയാനിൽ അടിത്തറയിട്ടു. അഹ്മദീയുവാക്കൾക്ക് ഏറ്റവും ഉത്തമമായ മതപരമായ ശിക്ഷണം നല്കണമെന്ന് അവിടന്ന് ആഗ്രഹിച്ചിരുന്നു. ഇസ്‌ലാമികാധ്യാപനങ്ങളുടെ ഉദാത്തമായ മാതൃക തങ്ങളിലൂടെ അവതരിപ്പിക്കുന്നവരാകണം. ഓരോ തലമുറയും ആദ്യത്തെ തലമുറയുടെ പൂർണമായ പ്രതിനിധികളാകണം. ജീവൻകൊണ്ടും ധനംകൊണ്ടുമുള്ള ത്യാഗങ്ങളിൽ മുമ്പേയുള്ളവരുടെ കാലടികളിലൂടെ നടക്കുന്നവരുമാകണം. ഈ മജ്‌ലിസിന് അടിത്തറപാകിക്കൊണ്ട് അവിടന്ന് പറഞ്ഞു:

"ഇന്ന് യുവാക്കളുടെ പരിശീലനത്തിന്റെ കാലഘട്ടമാണ്. അവരുടെ ശിക്ഷണത്തിന്റെ കാലഘട്ടമാണ്. പരിശീലന കാലഘട്ടം നിശബ്ദതയുടെ കാലഘട്ടമാണ്; ഒന്നും നടക്കുന്നില്ലായെന്ന് ആളുകൾക്ക് തോന്നും. എന്നാൽ, ജനത തർബിയ്യത്തുകിട്ടി കർമരംഗത്തേക്കു ഇറങ്ങിനില്ക്കുമ്പോൾ ലോകം പര്യവസാനം നോക്കാൻ തുടങ്ങുന്നു. യഥാർഥത്തിൽ ഒരു കൈ ഉയരുമ്പോൾ എഴുന്നേല്ക്കുകയും അത് താഴുമ്പോൾ ഇരിക്കുകയും ചെയ്യുന്ന ജീവസുറ്റ ജനത ലോകത്ത് അതിമഹത്തായ മാറ്റം ഉണ്ടാക്കുന്നതായിരിക്കും."

ഇതുപോലെതന്നെ അവിടന്ന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആദ്യത്തെ സാലാന ഇജ്തിമാഇന്റെ അവസരത്തിൽ നല്കിയ ഉപദേശങ്ങളുടെ ചുരുക്കമിതാണ്: 'സാമൂഹികമായ അഭിവൃദ്ധി മുഴുവൻ ബന്ധിതമായിരിക്കുന്നത് യുവാക്കളിലാണ്. ഏതെങ്കിലും ജനതയുടെ യുവാക്കൾ ആ ജനതയിൽ മുമ്പേ നടന്നവരും പാരമ്പര്യങ്ങൾ ശരിയായ നിലയിൽ വഹിക്കുന്നവരുമാണെങ്കിൽ ആ ജനത ഒരു ദീർഘകാലംവരെ സജീവമായി നില്ക്കുന്നതായിരിക്കും. പക്ഷേ, ഭാവിയിൽ വരുന്നവർ ഒന്നിനും കൊള്ളാത്തവരാണെങ്കിൽ ആ ജനതയും പുരോഗതി പ്രാപിക്കുകയില്ല. എന്നല്ല, കരസ്ഥമാക്കികഴിഞ്ഞിട്ടുള്ള പുരോഗതിയും അധഃപതനത്തിൽ കലാശിക്കാൻ തുടങ്ങും. ഇതുസംബന്ധമായി ഹുദൂർ ജമാഅത്ത് വ്യവസ്ഥിതിയെ പൂർണമായും പാലിക്കേണ്ടതിലേക്കും അതുപോലെതന്നെ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനരൂപരേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളിലേക്കും ശ്രദ്ധക്ഷണിച്ചു. അവിടന്ന് ഉപദേശിച്ചു: 'അഹ്മദിയ്യത്തിനെ കുറിച്ച് മനസ്സുകളിൽ ആദരപൂർണമായ വികാരമുണ്ടാക്കുക. സ്ഥൈര്യതയുടെ ബീജമുണ്ടാക്കുക. അധ്വാനശീലമുണ്ടാക്കുക. ഊഹങ്ങളും നിഗമനങ്ങളുമനുസരിച്ച് പ്രവർത്തിക്കുന്നത് ഉപേക്ഷിക്കുക. വിശാലവീക്ഷണമുണ്ടാക്കുക. വർത്തമാനകാല അവസ്ഥകളെക്കുറിച്ച് ആഴത്തിലുള്ള അറിവുനേടുക. വിശ്വസ്തതയുടെ ആത്മാവുണ്ടാക്കുക. സൃഷ്ടിസേവന ജോലികളിൽ പങ്കെടുക്കുക. സത്യസന്ധത കൈക്കൊള്ളുക. നിങ്ങളുടെ ലക്ഷ്യം എപ്പോഴും മുന്നിൽവെക്കുക. പ്രവർത്തനത്തിന്റെ ഫലങ്ങളുടെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുക. എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ ശിക്ഷ സഹിക്കാൻ തയ്യാറായിരിക്കുക. ആരാണോ ജനതയ്ക്കുവേണ്ടി മരിക്കാൻ തയ്യാറാകുന്നത് അവൻ മരിക്കുകയില്ല. സാമൂഹിക ജീവിതം സ്ഥാപിക്കുന്നതിനെതിരിൽ വ്യക്തിഗതമായ ത്യാഗം ഒരു വസ്തുതയും ഉൾക്കൊള്ളുന്നില്ല. സ്വന്തം പരിഷ്കരണം മാത്രം നടത്തരുത്. പ്രത്യുത പരിസരത്തിന്റെ പരിഷ്കരണവും നടത്തുക. അനുസരണത്തിന്റെ ബീജം ഉള്ളിലുണ്ടാക്കുക. ജമാഅത്തിന്റെ ചുവട് അഭിവൃദ്ധിയിലേക്കുയരണം എന്ന ചിന്ത എപ്പോഴുമുണ്ടാകണം.'

'ജനതകളുടെ പരിഷ്കരണം യുവാക്കൾ പരിഷ്കരിക്കപ്പെടാതെ നടക്കുകയില്ല" എന്ന ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വാക്യം എപ്പോഴും നമ്മൾ കേട്ടുകൊണ്ടിരിക്കുന്നതാണ്. ഇക്കാരണത്താലാണ് അവിടന്ന് യുവാക്കളുടെ തർബിയ്യത്തിൽ നിരന്തരം ശ്രദ്ധിച്ചുകൊണ്ടിരുന്നത്. ഒരു ഖുത്ബ ജുമുആയിൽ അവിടന്ന് പറയുന്നു:

'ജനതകളുടെ വിജയത്തിന് ഏതെങ്കിലും ഒരു തലമുറയുടെ പരിഷ്കരണം മതിയാവുകയില്ല. ആ പരിപാടി വളരെ ദൈർഘ്യമാണ്. തുടർച്ചയായി പല തലമുറകളും അവ പൂർത്തിയാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴാണ് അത് വിജയിക്കുന്നത്. അത് പൂർത്തിയാക്കാൻ എത്ര സമയമാണോ ആവശ്യമായിട്ടുള്ളത്, അത്രയും സമയം അതിന് നല്കുന്നില്ലെങ്കിൽ അതൊരിക്കലും പൂർണമാകുകയില്ലെന്നത് വ്യക്തമാണ്. അത് പൂർത്തിയായില്ലെങ്കിൽ അതിന്റെ അർഥം മുമ്പേയുള്ളവർ ഈ പ്രോഗ്രാം പൂർത്തിയാക്കുന്നതിന് ചെയ്ത അധ്വാനങ്ങളും പരിശ്രമങ്ങളും ത്യാഗങ്ങളുമെല്ലാം എല്ലാം പാഴായെന്നാണ്. അതുകൊണ്ടാണ് ˘ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യായ്ക്ക് അടിത്തറയിട്ടത്.'

അതിനാൽ ഈ ഉദ്ദേശ്യങ്ങളേയും നിങ്ങൾ മുന്നിൽവെക്കുക. കാലത്തിന്റെ ഖലീഫയുടെ മാർഗനിർദേശത്തോടും ദുആയോടുംകൂടി നിങ്ങളുടെ പ്രോഗ്രാമുകളെ വിജയിപ്പിക്കുക. കാലത്തിന്റെ ഖലീഫയുടെ എല്ലാ ഉപദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കുക. പൂർണമായ അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും ഉദാത്തമാതൃകയുമാകുക. മതസേവന പ്രവൃത്തികളിൽ ഉത്സാഹത്തോടെ പങ്കെടുക്കുക. ഇസ്‌ലാം അഹ്മദിയ്യത്തിനെ പ്രചരിപ്പിക്കുന്നതിൽ ഒരിക്കലും അശ്രദ്ധരാകരുത്. എല്ലാ നിലയിലും നിങ്ങളുടെ മതപരവും ധാർമികവും ആത്മീയവുമായ നിലവാരങ്ങളെ ഉയർത്തിക്കൊണ്ടുപോകുക. നന്മയിലും ആത്മീയതയിലും എപ്പോഴും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുക.അല്ലാഹു നിങ്ങളെ ഭൗതികവും ആത്മീയവുമായ നന്മകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. ആമീൻ.

വസ്സലാം
വിനീതൻ

മിർസാ മസ്റൂർ അഹ്മദ്

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin